2023 ജൂൺ 25

ബിലീവേഴ്സ് ക്രൈസ്തവ ദ്വൈവാരിക ജേണൽ

BELIEVERS JOURNAL

VOL:16 ISSUE: 06 RNI.NO.KERMAL/2008/26530 Pages:12

കവർ സ്റ്റോറി

# ഏകലോക ക്രമത്തിനായി വമ്പൻ പദ്ധതികളുമായി സൗദി അറേബ്യ




**പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ**

**അന്ത്യകാലത്ത് വ്യാപാരവും വിനിമയവും ആനന്ദവും എല്ലാം സമ്മേളിക്കുന്ന വ്യവസായിക നഗരങ്ങൾ മദ്ധ്യപൂർവ്വ ദേശത്ത് ഉണ്ടാകുമെന്ന് വെളിപ്പാട് പുസ്തകത്തിലും ദാനിയേലിന്റെ പുസ്തകത്തിലും വളരെ വ്യക്തമായി പറയുന്നു. മഹാനഗരമായ ബാബിലോൺ എന്ന് വേദപുസ്തകം ആ നഗരത്തെ വിശേഷിപ്പിക്കുന്നു.**


ലോകത്തെ വിസ്മയിപ്പിക്കുന്ന തരത്തിലുള്ള കൂറ്റൻ പദ്ധതികളുമായി സൗദി അറേബ്യ രംഗത്ത്. മരുഭൂമികളും മലകളും മാത്രമുള്ള സൗദിയിൽ എന്താണ് ഉള്ളത് എന്ന് ചോദിച്ചവർക്ക് മുമ്പിൽ ഭാവി പദ്ധതികളുടെ കലവറ തുറന്നിരിക്കുകയാണ് സൗദി. ഇപ്പോഴത്തെ ഭരണാധികാരി സൽമാൻ ബിൻ അബ്ദുൽ അസീസ് അൽ സൗദ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ് ഈ പദ്ധതികളെല്ലാം. 11 ട്രില്ല്യൺ ഡോളർ ചിലവ് വരുന്ന ഈ പദ്ധതികൾ 2030-ൽ നിലവിൽ വരും എന്നാണ് അറിയുവാൻ സാധിക്കുന്നത്. ലോകത്തിൽ ഏറ്റവും അധികം എണ്ണ ഉല്പാദിപ്പിക്കുന്ന രാജ്യമായ സൗദി അറേബ്യ ഇതര വരുമാന മാർഗ്ഗങ്ങളിലേക്ക് തിരിയുന്നതാണ് ഇതിലൂടെ സംഭവിക്കുന്നത്. ടൂറിസം, വ്യവസായം തുടങ്ങിയ വിവിധ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു എന്നത് ശ്രദ്ധേയമാണ്. 1938-ൽ എണ്ണ സ്രോതസ്സ് കണ്ടുപിടിക്കുന്നതുവരെ സൗദി അറേബ്യ ലോകത്തിലെ ദരിദ്രമായ രാജ്യങ്ങളിലൊന്നായിരുന്നു. പരിമിതമായ കാർഷികവൃത്തിയും, തീർത്ഥാടകരിൽനിന്നുള്ള വരുമാനവുമായിരുന്നു പ്രധാന സാമ്പത്തിക സ്രോതസ്സ്. എണ്ണപ്പാടങ്ങൾ കണ്ടെത്തപ്പെട്ടതോടെ, ആടുകളെ മേച്ചും ഒട്ടകങ്ങളെ വളർത്തിയും കടലിനെ ആശ്രയിച്ചും കഴിഞ്ഞിരുന്ന അറേബ്യൻ ജനത സമ്പത്തിന്റെ പര്യായമായി. അതോടെ സൗദ് രാജകുടുംബം സാവധാനം ലോക നേതാക്കൾക്കൊപ്പം സ്ഥാനം പി

05

# ഇനി അമേരിക്കയിൽ ആത്മീയ സംഗമകാലം

## പിസിഎൻഎകെ കോൺഫറൻസ്

### ജൂൺ 29 മുതൽ ജൂലൈ 2 വരെ



*പാസ്റ്റർ റോബിൻ മാത്യു, ശമുവേൽ യോഹന്നാൻ, വിൽസൺ തരകൻ, ഫിന്നി ഫിലിപ്പ്, സോഫി വർഗീസ്*

**രാജൻ ആര്യപ്പള്ളിൽ (പബ്ലിസിറ്റി കൺവീനർ)**


**പെൻസിൽവേനിയ:** നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ ഏറ്റവും വലിയ ആത്മീയ സമ്മേളനമായ പിസിഎൻഎകെ മഹാസമ്മേളനത്തിന് തിരശ്ശീല ഉയരുകയാണ്. അനുഭവസമ്പന്നരും പ്രാപ്തരും ആത്മീയദർശനവുമുള്ള സംഘാടകസമിതിയുടെ നേതൃത്വത്തിൽ

2023 കോൺഫറൻസിന്റെ നാലു ദിവസം നീണ്ടുനിൽക്കുന്ന ആത്മീയ സമ്മേളനത്തിന് പെൻസിൽവേനിയ ലങ്കാസ്റ്റർ കൗണ്ടി ഒരുങ്ങി. 38-ാമത്

10

## NACOG കോൺഫറൻസ്

### ജൂലൈ 13 മുതൽ 16 വരെ



*ഡോ. ഷിബു തോമസ്, ഫിന്നി വർഗീസ്, ഏബ് ജോയി, ജോഷ്വാ ജോസഫ്, സിബി തോമസ്*


**ഷാജി വെണ്ണിക്കുളം, സാം മാത്യു (മീഡിയ)**

**ഡാളസ്:** നോർത്ത് അമേരിക്കയിലും കാനഡയിലുമുള്ള ചർച്ച് ഓഫ് ഗോഡ് കൂട്ടായ്മയായ NACOG-ന്റെ 26-ാമത് ഫാമിലി കോൺഫറൻസ് 2023 ജൂലൈ 13 മുതൽ 16 വരെ അറ്റ്ലാന്റയിൽ നടക്കും. 'മനുഷ്യപുത്രന്റെ മുൻപിൽ നിൽപ്പാൻ നിങ്ങൾ പ്രാപ്തരാകേണ്ടതിന്' (ലൂക്കോസ് 21:36) എന്നതാണു കോൺഫറൻസ് ചിന്താവിഷയം. സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിനായി അറ്റ്ലാന്റാ സിറ്റിയുടെ വടക്കുപ്രദേശമായ ഡുലൂത്തിലുള്ള പതിമൂവായിരം

11

## എ.ജി സിൽവർ ജൂബിലി കോൺഫറൻസ്

### ജൂലൈ 20 മുതൽ 25 വരെ



*പാസ്റ്റർ സാജൻ ജോർജ്, പാസ്റ്റർ ഫിലിപ്പ് ദാനിയേൽ, പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ, ലിജി കുര്യൻ, സൈമൺ കെ. സൈമൺ, സിസ്റ്റർ സൂസൻ ജേക്കബ്, ലെബി ചെറിയാൻ*

**ഫിലദൽഫിയ:** അമേരിക്കയിലും കാനഡയിലുമുള്ള എജി സഭകളുടെ സിൽവർ ജൂബിലി ദേശീയ സമ്മേളനം ഫിലദൽഫിയയിലെ റാഡിസൺ ഹോട്ടലിൽ നടക്കും. Wait for the Lord (സങ്കീ. 27:14) എന്നതാണ് തീം. ജൂലൈ 20-നു വ്യാഴാഴ്ച ഉച്ച കഴിഞ്ഞ് അഞ്ചുമണിക്ക് നാഷണൽ കൺവീനർ റവ. സാജൻ ജോർജ് ഉദ്ഘാടനം ചെയ്യും. 23-ന് ഞായറാഴ്ച കർത്തൃമേശയോടുകൂടി കോൺഫറൻസ് സമാപിക്കും. അഭിഷിക്തരായ കർത്തൃദാസന്മാരും

10

## സാക്ഷി



ഐപിസി ഇലക്ഷൻ വിവാദം:പുതിയ തലത്തിലേക്ക്.

*നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ തിരുനാമവും ധരിച്ചു ചെയ്യും ക്രിയകൾ*

# ഐപിസി ഇലക്ഷൻ വിവാദം: ആക്ഷൻ കൗൺസിൽ രംഗത്ത്

**തിരുവല്ല:** ഐപിസി ജനറൽ പ്രസിഡന്റിന്റെ ഏകാധിപത്യത്തിനും സഭയുടെ നിലവിലുള്ള ഭരണഘടനാ ലംഘനത്തിനുമെതിരെ ആക്ഷൻ കൗൺസിൽ രൂപികരിച്ചു. മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, മുൻ ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജ്, ഐപിസി ഈസ്റ്റേൺ റീജിയൻ, യു എസ് എ പ്രസിഡന്റ് പാസ്റ്റർ ജോസഫ് വില്യംസ് തുടങ്ങിയവർ രക്ഷാധികാരിമാരും പാസ്റ്റർ കെ എസ് ജോസഫ് (കർണാടക) പ്രസിഡന്റ്, ബ്രദർ ജോയി താനുവേലിൽ വൈസ് പ്രസിഡന്റ്, ബ്രദർ സജി പോൾ സെക്രട്ടറി, ബ്രദർ ഗ്ലാഡ്സൺ ജേക്കബ്,ട്രഷറർ എന്നിവരുടെ ചുമതലയിൽ ആക്ഷൻ കൗൺസിൽ നിലവിൽ വന്നു. പാസ്റ്റർ തോമസ് കുര്യൻ (നാഗലാന്റ് ഐപിസി പ്രസിഡന്റ്) പാസ്റ്റർ ദാനിയേൽ തോമസ് (ആൻഡമാൻസ് ഐപിസി പ്രസിഡന്റ്) സ്റ്റേറ്റ്, ജനറൽ കൗൺസിൽ അംഗങ്ങളായ കുഞ്ഞച്ചൻ വാളകം, സുധി കല്ലുങ്കൽ, ഷെറിൻ ജേക്കബ് എന്നിവരും പി.വി മാത്യു, മാത്യു സാം, വിൽസൺ പീറ്റർ, പാസ്റ്റർ ഷാജി വള്ളംകുളം തുടങ്ങിയവരും നേതൃത്വം നൽകുന്നു.

ഐപിസിയുടെ നിലവിലുള്ള ഭരണഘടനയെ അട്ടിമറിച്ചും നിയമപരമായി നിയമിതരായ ഇലക്ഷൻ കമ്മിഷനെ പിരിച്ചുവിട്ടും പാർശ്വവർത്തികളെ ഇലക്ഷൻ കമ്മിഷണർമാരായി നിയമിച്ചുമാണ് പുതിയ എക്സിക്യൂട്ടീവ് നിലവിൽ വന്നത് എന്നും അതിനാൽ അവരെ ബഹിഷ്കരിക്കുന്നതിനും പ്രതിരോധിക്കുന്നതിനും ആക്ഷൻ കൗൺസിൽ തീരുമാനിച്ചു.

വിവിധ ലോക്കൽ, സെന്റർ സ്ഥലങ്ങളിലും സ്റ്റേറ്റ്, റീജിയൻ നേതൃത്വത്തിലും നിയമ വിരുദ്ധമായി കടന്നു കയറുന്ന പ്രവണതകളെ പ്രതിരോധിക്കുവാനും ആക്ഷൻ കൗൺസിൽ ആഹ്വാനം ചെയ്തു. ഐപിസി കേരളാ സ്റ്റേറ്റ് മുൻ സെക്രട്ടറിക്കെതിരെ അന്യായമായി എടുത്ത സസ്പെൻഷൻ നടപടികൾ പിൻവലിച്ച് തിരിച്ചെടുക്കുവാനുള്ള ജനറൽ കൗൺസിലിന്റെ തിരുമാനം എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്.

ഐപിസിയുടെ സ്ഥാപകരായ പിതാക്കന്മാരുടെ ആത്മിയ ദർശനത്തിലേയ്ക്ക് സഭ മടങ്ങിവരേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് സംഘാടകർ ഓർമ്മിപ്പിച്ചു. വിവിധ സെന്റർ, സ്റ്റേറ്റ്, റീജിയൻ മേഖലയിലേയ്ക്ക് ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
കേരളാ സ്റ്റേറ്റ് കോർഡിനേറ്റർ
പാസ്റ്റർ തോമസ് ജോർജ്ജ്, കട്ടപ്പന

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box: 58
Kumbanad P.O.,
Thiruvalla
Pin: 689 547

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

OFFICE: 09526602670
Ph: 001 - 678 - 571 - 6398
(USA)

E- mail
beljourn@gmail.com

Website
www.beljourn.com

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

## എഡിറ്റോറിയൽ....

# ജീവനായി കേഴുന്ന മണിപ്പൂർ



**പാസ്റ്റർ സാംകുട്ടി മാത്യു**
**ചീഫ് എഡിറ്റർ**

മണിപ്പൂരിൽ നിന്നു വരുന്ന വാർത്തകളും കാഴ്ചകളും ഞെട്ടലോടെയും കണ്ണുനീരോടുമല്ലാതെ കാണുവാൻ കഴിയില്ല. മൃഗതുല്യരായി മാറിയ വർഗ്ഗീയവാദികളുടെ ആക്രമണത്തിന് ഇരയായി മാറിയിരക്കുന്നത് ന്യൂനപക്ഷങ്ങളായ ക്രിസ്ത്യാനികളാണ്. ക്രമസമാധാനം പാലിക്കേണ്ട ഭരണകർത്താക്കൾ കൈയും കെട്ടി നിൽക്കുമ്പോൾ നൂറുകണക്കിന് ആളുകൾ കിരാതമായി കൊല്ലപ്പെട്ടു കഴിഞ്ഞു. ആഴ്ചകൾ പിന്നിടുമ്പോഴും സംഘർഷം അവസാനിക്കാത്ത മണിപ്പൂരിലെ സ്ഥിതി ആശങ്കപ്പെടുത്തുന്നു. മെയ് 3-ന് ആരംഭിച്ച വംശീയ കലാപത്തിൽ 100-ലധികം പേർ കൊല്ലപ്പെട്ടു. ധാരാളംപേരെ കാണാനില്ല. മുന്നൂറിലേറെപ്പേർക്ക് പരിക്കേറ്റു. 115 ആദിവാസി ഗ്രാമങ്ങളും 3000-ൽ ഏറെ വീടും കത്തിച്ചു. 222 ക്രിസ്ത്യൻ പള്ളിയും 73 അനുബന്ധ കെട്ടിടവും തകർത്തു. അരലക്ഷത്തിലേറെപ്പേർ ദുരിതാശ്വാസ ക്യാമ്പുകളിലാണ്. സംസ്ഥാന ഭരണസംവിധാനങ്ങളാകെ പരാജയപ്പെട്ടു. ഗോത്രവിഭാഗങ്ങളിൽ ക്രൈസ്തവസമൂഹത്തിനാണ് ഭൂരിപക്ഷം; മെയ്ത്തി വിഭാഗത്തിൽ ഹൈന്ദവസമൂഹത്തിനും. കുറച്ചുനാളായി ഇവർക്കിടയിലെ സംഘർഷങ്ങൾ ആളിക്കത്തിക്കുന്നതിൽ ചിലർക്ക് കാര്യമായ പങ്കുണ്ടെന്നാണ് ഗോത്രവിഭാഗത്തിന്റെ ആരോപണം. സംഘർഷം രൂക്ഷമായ മേഖലയിൽ ഡസൺ കണക്കിന് ക്രൈസ്തവ ദേവാലയങ്ങളാണ് അഗ്നിക്കിരയായത്. സംസ്ഥാന സർക്കാരിന്റെ ഒത്താശയോടെയുള്ള വംശീയ ആക്രമണമാണ് മണിപ്പൂരിലേതെന്ന് ആരോപിക്കപ്പെടുന്നു. ഭൂരിപക്ഷ സമുദായമായ മെയ്ത്തി വിഭാഗം ന്യൂനപക്ഷമായ കുക്കി നാഗ ഗോത്ര വിഭാഗങ്ങൾക്കെതിരെ ആസൂത്രിത കടന്നാക്രമണമാണ് നടത്തുന്നത്. ക്രിസ്ത്യൻ വിശ്വാസികളായ കുക്കി, നാഗ ഗോത്രങ്ങളെ മണിപ്പൂർ താഴ്വരയിൽനിന്നും ആട്ടിയോടിക്കാനുള്ള മെയ്ത്തി വിഭാഗത്തിന്റെ നീക്കമാണ് കലാപത്തിനു പിന്നിൽ. മുമ്പേ തയ്യാറാക്കിയ പദ്ധതി നടപ്പാക്കാൻ അവസരം കാത്തിരിക്കുകയായിരുന്നു. ഇപ്പോൾ തകർത്ത ഗോത്രവർഗക്കാരുടെ വീടുകൾ മൂന്നുവർഷംമുമ്പേ സർവേയിലൂടെ അടയാളപ്പെടുത്തിയിരുന്നുവെന്ന വെളിപ്പെടുത്തലുകളുമുണ്ട്. സംഘർഷമുണ്ടായപ്പോൾ കുക്കി വീടുകൾ ഏതാണെന്ന് കൃത്യമായി കണ്ടെത്തി അഗ്നിക്കിരയാക്കി.

ഭൂരിപക്ഷ മതധ്രുവീകരണത്തിനായി മനുഷ്യരെ വിഘടിപ്പിച്ച് അധികാരം ഉറപ്പിക്കുകയെന്ന തന്ത്രത്തിന്റെ ദുരന്തഫലമാണ് മണിപ്പൂരിൽ കാണുന്നത്. ജനങ്ങളിൽ വിഭജനം സൃഷ്ടിച്ച് തങ്ങൾക്കനുകൂലമായ ഭൂരിപക്ഷ ഏകീകരണം ഉണ്ടാക്കുകയെന്നതാണ് ഈ രാഷ്ട്രീയ തന്ത്രം. അതിനായി ക്രിസ്ത്യൻ മതവിശ്വാസികളുള്ള വടക്കുകിഴക്കൻ മേഖലകളിൽ ക്രൈസ്തവ വിരുദ്ധ പ്രചാരണവും രാഷ്ട്രീയ തന്ത്രമാക്കുന്നു. മണിപ്പൂരും വടക്കുകിഴക്കൻ മേഖലകളും 35-ഓളം വരുന്ന ഗോത്ര വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശമാണ്. വംശീയ വൈരത്തിന് പകരം വർഗീയ മാനമുള്ള കലാപങ്ങളിലേക്കാണ് മണിപ്പൂർ നീങ്ങിക്കഴിഞ്ഞിരിക്കുന്നതെന്നാണ് ഇപ്പോഴത്തെ സംഭവങ്ങളെല്ലാം സാക്ഷ്യപ്പെടുത്തുന്നത്. ഏഴ് സഹോദരിമാർ എന്നറിയപ്പെടുന്ന വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ മൂന്ന് ദശലക്ഷത്തോളം ജനസംഖ്യ വരുന്ന സംസ്ഥാനമാണ് മണിപ്പൂർ. ഗോത്രാധിഷ്ഠിത സാമൂഹിക സാഹചര്യങ്ങളിൽ കഴിയുന്ന ഇവർക്കിടയിൽ പരസ്പര വൈരവും കുടിപ്പകയും അതിന്റെ ഫലമായ ഏറ്റുമുട്ടലുകളും എത്രയോ കാലമായി ഉണ്ടാകാറുള്ളതാണ്. അതിനൊയൊക്കെ മറികടക്കുന്ന രീതിയിൽ തൊഴിലാളി കർഷക പ്രസ്ഥാനങ്ങളും മറ്റും ഒരുകാലത്ത് മണിപ്പൂരിൽ സജീവമായ സ്വാധീനം ചെലുത്തിയിരുന്നു. തങ്ങളുടെ സങ്കുചിത രാഷ്ട്രീയ താത്പര്യങ്ങൾക്കുവേണ്ടി ചിലരാണ് ഭൂരിപക്ഷ മെയ്ത്തി വിഭാഗത്തെ പ്രീണിപ്പിക്കുന്ന നയങ്ങൾ സ്വീകരിച്ചതും ഗോത്രങ്ങൾക്കിടയിലെ കിടമത്സരത്തെ ഉപയോഗപ്പെടുത്തി രാഷ്ട്രീയം കളിച്ചതും.

ആദിവാസി ഗോത്രവിഭാഗങ്ങൾ തങ്ങളുടെ സാംസ്കാരിക തനിമയെ അടയാളപ്പെടുത്തി, സ്വത്വബോധത്തോടെ സ്വതന്ത്രമായി കഴിയാനുള്ള ഭരണഘടനാപരമായ അവകാശം നിരുപാധികം നിലനിൽക്കുന്ന ഇടമായി മണിപ്പൂർ തുടരേണ്ടതുണ്ട്. ഒരു കൂട്ടർക്ക് നല്കപ്പെടുന്ന ആനുകൂല്യങ്ങൾ മറ്റൊരു കൂട്ടരുടെ അവകാശനിഷേധത്തിന് നിമിത്തമാകാൻ പാടില്ല. ന്യൂനപക്ഷ സംരക്ഷണം ഭരണഘടനാ ബാധ്യതയാകയാൽ പ്രശ്നപരിഹാര ശ്രമങ്ങൾ നീതിപൂർവകവും നൈയാമികവുമാകണം. സമവായ ചർച്ചകൾ ആ വഴിക്കാകണം. സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു കമ്മീഷൻ യാഥാർത്ഥ്യബോധത്തോടെ പ്രശ്നം പഠിക്കട്ടെ.







## ഉടൻ പുറത്തിറങ്ങുന്നു

ബിലീവേഴ്സ് ജേണൽ ചെയർമാനും ഐ പി സി ജനറൽ കൗൺസിൽ അംഗവുമായ
ബ്രദർ രാജൻ ആര്യപ്പള്ളിയുടെ പ്രഥമ ഗ്രന്ഥം
**'തെരഞ്ഞെടുത്ത ലേഖനങ്ങൾ'**
38-ാമത് പിസിഎൻഎകെ കോൺഫറൻസിൽ പ്രകാശനം ചെയ്യുന്നു.
**കാലിക പ്രസക്തിയുള്ള ഈടുറ്റ ലേഖനങ്ങളുടെ സമാഹാരം**



ഗ്രന്ഥകാരന്റെ നിരീക്ഷണപാടവം എടുത്തുപറയേണ്ടതാണ്. സമൂഹത്തിന് നൽകുന്ന മുന്നറിയിപ്പുകളും ഏറെ പ്രാധാന്യം ഉള്ളതാണ്. മുന്നറിയിപ്പുകളെ അവഗണിച്ചതിന്റെ അനന്തരഫലമാണ് വന്നുഭവിച്ച മൂല്യച്യുതിയും ധാർമ്മിക അധഃപതനവും. ഗ്രന്ഥകാരൻ നൽകുന്ന സന്ദേശം പോലെ ഒരു മടങ്ങിവരവിനായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.
- റവ. സി. സി. തോമസ്
(ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ)



കാലത്തിനുമുമ്പേ നടക്കുന്നവരാണ് പ്രവാചകരും എഴുത്തുകാരും. അവർ കാലഘട്ടത്തെ വിവേചിക്കുന്നവരാണ്. ഈ ലേഖനസമാഹാരത്തിലെ പല അദ്ധ്യായങ്ങളും വർഷങ്ങൾക്കുമുമ്പു തന്നെ പെന്തെക്കോസ്ത് സമൂഹത്തിനു നൽകിയ മുന്നറിയിപ്പുകളാണ്. മുന്നറിയിപ്പുകളെ അവഗണിക്കുന്ന സഭയുടെ അവസ്ഥ പ്രത്യേകിച്ച് എടുത്ത് പറയേണ്ടതില്ലല്ലോ.
- റവ. ജോസഫ് വില്യംസ്
(പ്രസിഡന്റ് ഐപിസി ഈസ്റ്റേൺ റീജിയൻ യു.എസ്.എ)

സമൂഹത്തിന് എന്നും ഒരു തിരുത്തൽ ശക്തിയാണ് യഥാർത്ഥ എഴുത്തുകാരൻ. തന്റെ ദൗത്യനിർവ്വഹണം എന്നത് സമൂഹത്തെ നേർവഴി കാണിക്കുക എന്ന ഉദ്ദേശത്തോടെ ആയിരിക്കണം. ശരിയായ നിരീക്ഷണ പാടവവും യാഥാർത്ഥ്യം തിരിച്ചറിയുവാനുള്ള കാഴ്ചപ്പാടും എഴുത്തുകാരനുണ്ടാകണം. സെക്കുലർ എഴുത്തിൽ നിന്നും വ്യത്യസ്ത ദൗത്യമാണ് ക്രിസ്തീയ എഴുത്തുകാരന് നിർവ്വഹിക്കുവാനുള്ളത്. അങ്ങനെയുള്ള എഴുത്തുകാർ പ്രവാചകദൗത്യത്തോടൊപ്പം സുവിശേഷക ദൗത്യവും നിർവ്വഹിക്കുന്നവനാണ്. ആ നിലയിൽ അവരുടെ എഴുത്തുകൾക്ക് ശാസനയുടെയും പ്രബോധനത്തിന്റെയും വിമർശനത്തിന്റെയും ഭാവവും രൂപവും ഉണ്ടാകും.
- പാസ്റ്റർ സാംകുട്ടി മാത്യു
(ചീഫ് എഡിറ്റർ ബിലീവേഴ്സ് ജേണൽ,
ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജോ. സെക്രട്ടറി)



പൊതുസമൂഹത്തോടും വിശേഷാൽ താനുൾപ്പെട്ടു നിൽക്കുന്ന പെന്തെക്കോസ്ത് സമൂഹത്തോടും തനിക്ക് പറയുവാനുള്ള സന്ദേശം സന്ദേഹമില്ലാതെ തുറന്നെഴുതുന്ന ലേഖകൻ നിർവ്വഹിക്കുന്ന ദൗത്യം വളരെ വലുതാണ്. രാഷ്ട്രീയ അനിശ്ചിതത്വം, പ്രകൃതിയിലെ മാറ്റങ്ങൾ, പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ പിന്മാറ്റം, സഭാരാഷ്ട്രീയത്തിന്റെ അതിപ്രസരം ഇവയെല്ലാം ഒരു പെന്തെക്കോസ്തുകാരന്റെ കാഴ്ചപ്പാടോടെ അവതരിപ്പിക്കുന്ന രാജൻ ആര്യപ്പള്ളിയുടെ രചനാശൈലി എന്നെ വളരെ ആകർഷിച്ചിട്ടുണ്ട്.
- റവ. സാം ജോർജ്ജ്, ഡാളസ്
(മുൻ ജനറൽ സെക്രട്ടറി ഐപിസി)





ഇന്നത്തെ ലോകത്തിലെ കപട യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കുവാൻ പ്രചോദനമരുളുകയും സത്യത്തെ തിരിച്ചറിയുവാൻ സമൂഹത്തെ സഹായിക്കുകയും ചെയ്യുക എന്നത് മാധ്യമ ധർമ്മമാണ്. അത് ഈ പുസ്തകത്തിൽ ഗ്രന്ഥകാരൻ നിർവ്വഹിച്ചിരിക്കുന്നു എന്ന് നിസംശ്ശയം പറയാം. - പാസ്റ്റർ ഷൈജു തോമസ്
(കോളമിസ്റ്റ്, ബിലീവേഴ്സ് ജേണൽ)

INDIA
Believers Journal
Publication,
Kumbanad P O, Kerala
Mob:9447368795

U.S.A.
P. O. BOX: 620742
ATLANTA, GA
Mob: +1-678-571-6399

Email: beljourn@gmail.com /
Website: www.beljourn.com

# വേദപഠനം



പാസ്റ്റർ പി.ജി. ഏബ്രഹാം



# എഫെസ്യലേഖനം – ഒരു പഠനം

## അദ്ധ്യായം 2 തുടർച്ച

ഭാഗം – 31

**നാം അറിയേണ്ടത്**

a. നമ്മൾ അവന്റെ കൈപ്പണിയാകയാൽ നാം അവന്റെ സൃഷ്ടിയാണ്. ഞാൻ ആയിരിക്കുന്നത് ദൈവ ഇഷ്ടപ്രകാരമാണ്. ദൈവം എന്നെ ഈ രീതിയിൽ സൃഷ്ടിച്ചിരിക്കുന്നു. ദൈവം എന്റെ ജീവിതത്തിലൂടെ എന്താഗ്രഹിക്കുന്നുവോ അതു നിവർത്തിപ്പാൻ എനിക്കു കഴിയും.

b. സൽപ്രവൃത്തികൾക്കായി ക്രിസ്തുയേശുവിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നറിയുക. ദൈവം എന്നിൽ നിന്നു ചില പ്രത്യേക നന്മ പുറപ്പെടുവിക്കണമെന്ന് ആഗ്രഹിക്കുന്നുവെന്നറിയുക.

c. ദൈവം മുൻകൂട്ടി നിശ്ചയിച്ച പ്രവർത്തികൾക്കായി നമ്മെ നിയമിച്ചിരിക്കുന്നു. ദൈവത്തിന്റെ മുന്നറിവിൽ ദൈവം ചില പദ്ധതികളെ ഒരുക്കിയിരിക്കുന്നു. ആ മുന്നറിവ് തിരിച്ചറിയുവാൻ ദിനംതോറും ദൈവസന്നിധിയിൽ ഇരിക്കണം. ദൈവഹിതം അറിയണം.

d. ക്രിസ്തു തന്റെ പണി ഇപ്പോഴും (workmanship) നമ്മിൽ തുടർന്നുകൊണ്ടിരിക്കുന്നു. രക്ഷയുടെ പദ്ധതി കർത്താവ് പൂർത്തീകരിച്ചെങ്കിലും, ഓരോ വ്യക്തിയിലും കർത്താവിന്റെ പണി നടത്തിക്കൊണ്ടിരിക്കുന്നു (2:22).

2:11 'നിങ്ങൾ മുമ്പേ' രണ്ടാം അദ്ധ്യായത്തിന്റെ ആദ്യഭാഗം കാണുക. 'നിങ്ങൾ മുമ്പേ' ആയിരുന്ന 18 അവസ്ഥകൾ വിവരിച്ചിട്ടുണ്ട്. അവയിൽ ചിലത് പൗലോസ് വീണ്ടും ഇവിടെ ആവർത്തിക്കുകയാണ്.

**'മുമ്പേ'**

**1. പ്രകൃതിയാൽ ജാതികളായിരുന്നു.**

യഹൂദന്മരല്ലാത്ത എല്ലാവരും 'ജാതികൾ' ആയിരുന്നു. യഹൂദർ പരിച്ഛേദനയേറ്റ് ഒരു പദവിയലങ്കരിക്കുന്നവരെന്ന് അഭിമാനിച്ചിരുന്നു.

എന്നാൽ പൗലോസ് ഇതിനെ ജഡത്തിൽ കൈയ്യാലുള്ള പരിച്ഛേദനയെന്നാണ് വിശേഷിപ്പിക്കുന്നത്.

**2. അഗ്രചർമ്മികൾ**

പരിച്ഛേദനയെ തിരസ്കരിക്കുകയാണ് പൗലോസ് ചെയ്യുന്നത്. ബാഹ്യ പരിച്ഛേദനയിലല്ല കാര്യം, 'ഹൃദയത്തിന്റെ പരിച്ഛേദനയാണ്' വേണ്ടത്. (കൊലോ. 2:11-12. ന്യായപ്രമാണം അനുസരിക്കുന്നവർക്കും യഹൂദനും പരിച്ഛേദന അനിവാര്യമാണ്. എന്നാൽ ഒരു ക്രിസ്തുവിശ്വാസിക്ക് അത്യാവശ്യമില്ല.

പരിച്ഛേദനയിലും അഗ്രചർമ്മത്തിലുമല്ല, പുതുസൃഷ്ടിയാണ് ആവശ്യമെന്ന് പൗലോസ് ഊന്നിപഠിപ്പിക്കുന്നു. (ഗലാ. 6:15, 5:2-6). പുറമേ നടക്കുന്ന കർമ്മമല്ല, അകമേ നടക്കുന്ന രൂപാന്തരമാണ് പ്രാധാനം. ദൈവം നീതി കണക്കിടുന്നത് വിശ്വാസത്താലാണ്. കർമ്മാചാരത്താലല്ല, ദൈവകല്പന പ്രമാണിക്കുകയാണ് കാര്യം (1 കൊരി. 7:19).

പുറമെയുള്ള കർമ്മത്തെ പൗലോസ് പൂർണ്ണമായും നിഷേധിക്കുന്നു. അക്ഷരത്തിലല്ല, ആത്മാവിലുള്ള ഹൃദയ പരിച്ഛേദനയത്രേ പരിച്ഛേദന (റോമ. 2:28-29). ജഡത്താൽ പരിച്ഛേദനയേറ്റവർക്ക് മനുഷ്യരാലുള്ള മാനം ലഭിക്കും; എന്നാൽ ആത്മാവിൽ ഹൃദയ പരിച്ഛേദന ഏറ്റവർക്ക് ദൈവത്താലുള്ള മാനവും പുകഴ്ചയും ലഭിക്കും.

**3. ക്രിസ്തുവിനെ കൂടാതെയുള്ളവർ**

a. ക്രിസ്തുവിനെ കൂടാതെയുള്ളവർ മരിച്ചവരാണ്. രക്ഷയെക്കുറിച്ചുള്ള യാഥാർത്ഥ്യബോധമില്ലാതെ പരിതാപകരമായ അവസ്ഥയിൽ കഴിയുന്നവരാണിക്കൂട്ടർ. യേശുവിൽ വിശ്വസിക്കുന്നവർക്ക് ദൈവം പിതാവായിട്ടുണ്ട് (1 യോഹ. 2:23). ക്രിസ്തുവിലുള്ളവർ ജീവനുള്ളവരാണ്. നിത്യജീവനവർക്കുണ്ട് (1 യോഹ. 5:12).

b. ക്രിസ്തുവിനെക്കൂടാതെയുള്ളവർ അടിമകളാണ്. സ്വഭാവത്താൽ ദൈവങ്ങളല്ലാത്തവർക്ക് അടിമപ്പെട്ടിരിക്കുന്നു (ഗലാ. 4:8-9). ദൈവമല്ലാത്തതെന്തിനും അവർ അടിമകളാണ്. ക്രിസ്തുവിലുള്ളവർ സ്വാതന്ത്ര്യം അനുഭവിക്കുന്നവരാണ്. ഈ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നതിനാൽ അടിമനുകത്തിൽ വീണ്ടും കുടുങ്ങിപ്പോകരുതെന്ന് ഉപദേശിക്കുന്നു. (ഗലാ. 5:1).

ക്രിസ്തുവിനെ കൂടാതെയുള്ളവരുടെ മറ്റു പ്രകൃതികൾ കൂടി ഈ വാക്യത്തിൽ കാണാം.

c. യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവർ. നാം ലൗകീക ജനനത്താൽ യിസ്രായേൽ ജനമല്ല. ദൈവം തനിക്കായി തെരഞ്ഞെടുത്ത പ്രത്യേക വിഭാഗമാണവർ.

എന്നാൽ, ക്രിസ്തുവിലൂടെ, വീണ്ടും ജനനത്താൽ നാം പുതിയനിയമ യിസ്രായേൽ എന്ന അത്യുന്നത പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു.

d. വാഗ്ദത്ത നിയമങ്ങൾക്ക് അന്യർ

'വാഗ്ദത്ത നിയമം'- പൊതുനന്മയ്ക്കുവേണ്ടി ഒരുമിച്ച് പ്രവർത്തിക്കുവാൻ, പരസ്പരബന്ധം നിലനിർത്തുന്നതിനായി ഇരുവിഭാഗങ്ങൾ തമ്മിൽ ഏർപ്പെടുന്ന കരാറാണ് ഉടമ്പടി. ദൈവം ഈ ഉടമ്പടി തന്റെ ജനമായ യിസ്രായേലുമായിട്ടാണ് ചെയ്തത്. ജാതികൾക്ക് ഇതിൽ ഓഹരിയില്ല.

ബൈബിളിലെ ഉടമ്പടികൾ

1. ആദാമ്യ ഉടമ്പടി
2. നോഹൈക ഉടമ്പടി
3. അബ്രഹാമ്യ ഉടമ്പടി
4. മോശൈക ഉടമ്പടി
5. ദാവീദ്യ ഉടമ്പടി

(തുടരും...)

# ലേഖനം

# സ്വസ്നേഹികളാകുന്ന മനുഷ്യർ



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

**ഈ** ഭൂമിയിൽ ദൈവം ഏറ്റവും അധികം ആദരിച്ച സൃഷ്ടി മനുഷ്യനാണല്ലോ. എന്നാൽ മനുഷ്യജീവന് ഒരു വിലയും കൽപിക്കാത്ത സമൂഹവും കാലവുമാണോ ഇന്നുള്ളത്. ദിവസവും പത്ര മാധ്യമങ്ങൾ എത്ര നരഹത്യയുടെ വാർത്തകളാണ് റിപ്പോർട്ട് ചെയ്യുന്നത്. സമകാലിന കേരളത്തിൽ ഏറ്റവും അധികം ചർച്ച് ചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഒന്നാണ് വർദ്ധിച്ചു വരുന്ന കൊലപാതകം. തട്ടികൊണ്ടു പോകുകയും പിന്നീട് കൊലപ്പെടുത്തുകയും ചെയ്യുന്നത് സമൂഹ മനസാക്ഷിയെ ആകമാനം ഭയപ്പെടുത്തുന്നു ഒന്നായി മാറുന്നു. സമൂഹത്തിൽ ശക്തമാകുന്ന ആക്രമണോത്സുകതയുടെ മറ്റൊരു ലക്ഷണം തന്നെയാണ് ഇത്. മനുഷ്യർ സ്വസ്നേഹികളായി മാറുന്നതല്ലെ ഈ കാണുന്നത്. സമകാലിന മനുഷ്യർ സമൂഹജീവി എന്നതിൽനിന്ന് അവനവനിലേക്ക് ചുരുങ്ങുന്നവരായി മാറുന്നു. വ്യക്ത്യാധിഷ്ഠിത പ്രശ്നങ്ങളിൽ പോലും അക്രമാസക്തരാകുന്ന പ്രവണത വർധിക്കുന്നതായി സാമൂഹ്യശാസ്ത്രജ്ഞർ നിരീക്ഷിക്കുന്നുണ്ട്. ഉൽപ്പന്നങ്ങൾ സ്വന്തമാക്കുന്നതിലൂടെ 'വ്യക്തിത്വം' സ്ഥാപിക്കാമെന്നു പഠിപ്പിക്കുന്ന കമ്പോളാധിഷ്ഠിത സമ്പദ് വ്യവസ്ഥ വ്യക്തിജീവിതത്തെയും സ്വാധീനിക്കുന്നു. എന്തും സ്വന്തമാക്കാൻ ഏതു മാർഗവും സ്വീകാര്യമാകുന്നു. ആഗ്രഹിക്കുന്നത് കിട്ടാതെ വന്നാൽ ഏത് അക്രമവും ആകാമെന്നും വരുന്നു. ആർത്തി അടിസ്ഥാനഘടകമാകുകയും പങ്കുവയ്ക്കലിനു പകരം പിടിച്ചെടുക്കൽ ജീവിതലക്ഷ്യമാകുകയും ചെയ്യുന്നു. ആക്രമണോത്സുകതയും കീഴ്പ്പെടുത്തൽ പ്രവണതയും വർധിക്കുന്നു.വിശുദ്ധവേദപുസ്തകം പറയുന്നത് മനുഷ്യൻ സൃഷ്ടിയുടെ മകുടമാണെന്നും, മനുഷ്യജീവനോളും വിലയുള്ളതൊന്നും ഭൂമിയിൽ ഇല്ലെന്നുമാണ്. ഭൂമിയിൽ സൃഷ്ടിക്കപ്പെട്ടതെല്ലാം മനുഷ്യന് വേണ്ടിയുള്ളതാണ്. ഇതെല്ലാം നാം അംഗീകരിച്ച പൊതു തത്വമാണ്. പക്ഷേ ഇതിൽ മനുഷ്യന് എത്രമാത്രം ഗുണം ലഭിക്കുന്നു എന്നതാണ് ശരി തെറ്റുകൾക്ക് ലോകം നിശ്ചയിച്ച കാരണം. മനുഷ്യൻ ദൈവസാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടതാകായൽ ഒരു ജീവനും നശിപ്പിക്കപ്പെടരുത്. ദൈവശാസ്ത്ര സംഹിത അനുസരിച്ച് ഒരാളുടെ ജീവനെടുക്കുവാൻ ഭൂമിയിൽ അധികാരം ഉള്ളത് ഭരകൂടങ്ങൾക്കാണ്. അതു തെറ്റുകാരനെന്ന് തെളിയിക്കപ്പെട്ട് മരണശിക്ഷക്ക് യോഗ്യമായത് ചെയ്തിട്ടുണ്ടെങ്കിൽ മാത്രം. എന്നിട്ടും മനുഷ്യർ തങ്ങളെപ്പോലെ രക്തവും മജ്ജയും മാംസവും ഉള്ള മനുഷ്യരെ കൊന്നുതള്ളുന്നതിന്റെ വാർത്തകളാണ് അനുദിനം വാർത്തമാധ്യമങ്ങളിൽ നിറയുന്നത്. എത്ര അനായാസേനെയാണ് മനുഷ്യൻ മനുഷ്യരെ കൊല്ലുന്നത്. മനുഷ്യരുടെ ഇടയിൽ തിന്മപെരുകുമ്പോഴാണ് മനുഷ്യൻ സ്നേഹം നഷ്ടപ്പെട്ട് കൊലപാതകം ചെയ്യുന്നുത്. മനസാക്ഷി യുഗത്തിൽ ലാമെക്ക് തന്റെ ഭാര്യമാരോട് പറയുന്ന സുഭാഷിതത്തിൽ എന്റെ മുറിവിന്നു പകരം ഞാൻ ഒരു പുരുഷനെയും, എന്റെ പരിക്കിന്നു പകരം ഒരു യുവാവിനെയും കൊല്ലും എന്നു കാണുന്നു. അതു പോലെ അന്ത്യകാലത്ത് മനുഷ്യർ സ്വസ്നേഹികളായി മാറും എന്നും തിമഥിയോസിന്റെ ലേഖനത്തിൽ കാണുന്നു. അതല്ലെ ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെ കൊല്ലുന്നവന് എന്തിന് കൊല്ലുന്നുവെന്നോ, കൊല്ലപ്പെടുന്നവൻ എന്തിനു കൊല്ലപ്പെട്ടന്നോ അറിയില്ല. രാഷ്ട്രീയ കൊലപാതകങ്ങളും, ക്വട്ടേഷൻ സംഘങ്ങളും എല്ലാം പലവിധത്തിലുള്ള കൊലപാതകം നടത്തുകയാണ്. വലിയ വ്യവസായം പോലെയാണ് കേരളത്തിൽ ക്വട്ടേഷൻ സംഘങ്ങൾ വളർന്നു വരുന്നത്. യുവാക്കളാണ് അതിലേക്ക് ആകർഷിക്കപ്പെടുന്നതിൽ ഏറ്റവും അധികം. വലിയ ധനാഗമന മാർഗ്ഗമായി മാറുന്നതാണ് യുവാക്കളെ ഇത്തരം സംഘങ്ങളിലേക്ക് ആകർഷിക്കുവാൻ കാരണം. ആർഭാടപൂർണമായ ജീവിതം ആഗ്രഹിക്കുന്നവരും, മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമകളായി മാറുന്നവരും തങ്ങളുടെ സാമ്പത്തീക സ്രോതസ്സായി കാണുന്നത് ഇത്തരം ക്വട്ടേഷൻ സംഘങ്ങളെയാണ്.സാധാരണ മനുഷ്യർ ആരും തന്നെ അക്രമത്തിന് മുതിരില്ല. ഒരു ശരാശരി പൗരന്റെ ആഗ്രഹം സമൂഹത്തിൽ ശാന്തിയും സമാധാനവും നിലനിന്ന് കാണണമെന്ന് തന്നെയാണ്. പക്ഷേ എന്തു ചെയ്യാം ലഹരിക്കടിമപ്പെട്ട് ബോധം നഷ്ടപ്പെടുന്നവർ എന്താണ് ചെയ്യുന്നതെന്ന് അവർ പോലും അറിയുന്നില്ല. മയക്കുമരുന്നുകൾ ഉപയോഗിച്ചുകഴിഞ്ഞാൽ സ്വബോധം നഷ്ടപ്പെടുന്നു. ശീലമാക്കിയവർക്ക് അവ ലഭിക്കാതിരുന്നാൽ പെരുമാറ്റം മുഴുഭ്രാന്തരെപ്പോലെയായി മാറുന്നു. സമൂഹത്തിൽ എന്തെല്ലാം ക്രൂരതകളാണ് ഇത്തരക്കാർ വരുത്തിവയ്ക്കുന്നത്? വീട്ടിനകത്ത് ഇവർ കാട്ടിക്കൂട്ടുന്നതാകട്ടെ പരസ്യമായി പറയാൻകൊള്ളാത്ത കാര്യങ്ങളാണ്. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിതരണം നടത്തുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നു. അവയെ തടയാൻ ചെല്ലുന്ന പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തകർ ആക്രമിക്കപ്പെടുകയാണ്. അതിന്റെ ഭാഗമായി സംഘർഷം ഉടലെടുക്കുന്നു. പൊലീസും എക്സൈസ് വകുപ്പുംമാത്രം ഇടപെട്ട് തീർക്കാവുന്ന വിഷയമല്ല ഇത്. ശക്തമായ സാമൂഹ്യ ബോധവൽക്കരണവും സമൂഹത്തിന്റെ ഇടപെടലും ഇതിൽ വേണ്ടതുണ്ട്. മനുഷ്യർക്കിടയിൽ നല്ല ബന്ധം നിലനിൽക്കണമെങ്കിൽ ശാന്തിയും സമാധാനവും പുലരണം. മുഴലോകത്തെക്കാൾ വിലയേറിയതാണ് മനുഷ്യാത്മാവിന്റെ വില. സമൂഹജീവിയായ മനുഷ്യൻ പരസ്പരപൂരകമായി മാത്രമെ ഇവിടെ ജീവിക്കുകവാൻ കഴിയു. എന്നാൽ മനുഷ്യനെ പല തട്ടുകളായി തിരിക്കുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ കാരണമാകും എന്നതാണ് സത്യം. അതു പോലെ തന്നെയാണ് കൊലപാതക കേസുകളിൽ പലപ്പോഴും ശരിയായ ശിക്ഷ ഉറപ്പാക്കുവാൻ ഭരണകൂടങ്ങൾക്ക് കഴിയുന്നുവോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. തെളിവുകളുടെ അപര്യാപ്തതയിൽ പല കേസുകളും ചെറിയ ശിക്ഷകളിൽ ഒതുങ്ങുകയാണ് ചെയ്യുന്നത്. ഇത്തരം കൊലപാതകങ്ങൾക്ക് കാരണമാകുന്നത് സ്വസ്നേഹം വർദ്ധിക്കുന്നതും, എനിക്ക് ആരോടും പ്രതിബദ്ധതയില്ല, ആരോടും ഉത്തരം ബോധിപ്പിക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനല്ല എന്ന ചിന്തയാണ്. എന്നാൽ ഇവിടെ നിന്ന് രക്ഷപ്പെട്ടാലും ദൈവീക ന്യായവിധി കോടതിയുണ്ട് അതിൽ നിന്നും ആർക്കും രക്ഷപ്പെടുവാൻ കഴിയുകയില്ല. സമൂഹത്തിന്റെ സമാധാന അന്തരീക്ഷത്തിന് ദോഷമായ എല്ലാറ്റിനേയും കയ്യൊഴിയുവാൻ സമൂഹം തയ്യാറാവണം. മനുഷ്യ ജീവനെ വിലവെയ്ക്കാത്ത ഒന്നിനനെയും നാം അംഗീകരിക്കരുത് മനുഷ്യനെ സ്നേഹിക്കുവാൻ കഴിയട്ടെ. കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ പ്രബുദ്ധതയെയും ഉയർന്ന പ്രതികരണശേഷിയെയും തകർക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ ലഹരിയുടെ വ്യാപനത്തിന് പിന്നിലുണ്ടോ എന്ന് സംശയിക്കേണ്ടതുണ്ട്. ഈ വിപത്തിനെ നേരിടാൻ നാടും നാട്ടുകാരും ഒന്നായി ഉണർന്നുപ്രവർത്തിക്കണം. ഈ സാമൂഹ്യവിപത്തുകളെ നിയമംമൂലമുള്ള നിരോധനത്തിലൂടെമാത്രം ഇല്ലാതാക്കാനാകുമെന്നത് തെറ്റിധാരണയാണ്. ശക്തമായ ബോധവൽക്കരണവും അതുവഴി ജനങ്ങളെ ഇവയിൽനിന്ന് അകറ്റിനിർത്തലുമാണാവശ്യം.


COMMERCIAL & RESIDENTIAL
Real Estate - Texas
STRIDE
JOBIN PRIYAN
GROUP
www.jpgrouprealtors.com
JOBIN JOHNSON
REAL ESTATE PROFESSIONAL
832.391.5000
BEYOND LOVE
THE M. JOHNSON FOUNDATION
7070 Knights Court
Missouri City, Texas

01 കവർ സ്റ്റോറി

# ഏകലോക ക്രമത്തിനായി വമ്പൻ...

ടിച്ചു. പെട്രോളിയത്തിന്റെ കണ്ടെത്തൽ മരുരാജ്യത്തെ വൻ സാമ്പത്തികമുന്നേറ്റത്തിലേക്ക് നയിച്ചു. 1980 മുതൽ 1988 വരെ നീണ്ടുനിന്ന ഇറാൻ ഇറാഖ് യുദ്ധത്തിൽ സൗദി അറേബ്യയിൽ അമേരിക്കൻ സേനക്ക് സൈനിക ക്യാമ്പ് അനുവദിക്കുന്നതിലേക്കു വരെ കാര്യങ്ങളെത്തിച്ചു. ലോകം സാമ്പത്തിക മാന്ദ്യത്തിലമർന്നപ്പോഴും എണ്ണയുടെ പിന്തുണയിലുള്ള കരുത്തുറ്റ സാമ്പത്തിക അടിത്തറ സൗദി അറേബ്യക്ക് തുണയായി നിന്നു.

സൗദി അറേബ്യയിലെ നിർമ്മാണ വ്യവസായം വർഷങ്ങളായി ഗണ്യമായ വളർച്ചയും വികാസവും അനുഭവിച്ചിട്ടുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക വൈവിധ്യവൽക്കരണത്തിലും അടിസ്ഥാന സൗകര്യ വികസനത്തിലും നിർണായക പങ്ക് വഹിക്കുന്നു. നിർമ്മാണത്തിലിരിക്കുന്ന രാജ്യത്തിന്റെ മെഗാ സിറ്റികൾ ഈ പരിവർത്തനത്തിന് ഭാവിയിൽ വളർച്ച നൽകും. കിരീടാവകാശി മുഹമ്മദ് ബിൻ സൽമാന്റെ വിഷൻ 2030-ന് അനുസൃതമായി സൗദി അറേബ്യ ശതകോടികളുടെ മെഗാ പദ്ധതികൾക്ക് സാക്ഷ്യം വഹിക്കുന്നു. ഏകദേശം 1 ട്രില്യൺ ഡോളറാണ് ഈ പദ്ധതികളുടെ മൂല്യം. സംഖ്യകളുടെ അടിസ്ഥാനത്തിൽ, മിഡിൽ ഈസ്റ്റിൽ ഉടനീളം നടന്നുകൊണ്ടിരിക്കുന്ന പ്രോജക്റ്റുകളുടെ മൊത്തം മൂല്യത്തിന്റെ മൂന്നിലൊന്ന് സൗദി അറേബ്യയിലുണ്ട്. ഇത് 2030 ഓടെ പൂർത്തിയാകും. സർക്കാർ സംരംഭങ്ങൾ, വൻതോതിലുള്ള ഇൻഫ്രാസ്ട്രക്ച്ചർ, പ്രോജക്ടുകൾ, സ്വകാര്യ നിക്ഷേപങ്ങൾ എന്നിവയുടെ സംയോജനമാണ് വ്യവസായത്തിന് ഊർജം പകരുന്നത്. നിലവിൽ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ എണ്ണയെ ആശ്രയിക്കുന്നതിൽ നിന്നും വൈവിധ്യമാർന്ന സമ്പദ് വ്യവസ്ഥയിലേക്ക് മാറുകയാണ്. നിയോം, ചെങ്കടൽ പദ്ധതി, ഖിദ്ദിയ വിനോദ നഗരം, അമാല, മക്ക ഗ്രാൻഡ് മോസ്ക് മൂന്നാം വിപുലീകരണം, ജിദ്ദ ടവർ, റിയാദ് മെട്രോ, റിയാദ് റാപ്പിഡ് ബസ് ട്രാൻസിറ്റ് സിസ്റ്റം, കിംഗ് അബ്ദുല്ല ബിൻ അബ്ദുൽ അസീസ് മെഡിക്കൽ കോംപ്ലക്സുകൾ, കിംഗ് സൽമാൻ എനർജി എന്നിവയാണ് സൗദി അറേബ്യയിലെ പ്രധാന നിർമ്മാണ പദ്ധതികൾ. പാർക്ക് (സ്പാർക്ക്), ഹാനെർജി സോളാർ പാർക്ക്, ലുമത് അൽ ജൻഡാൽ വിൻഡ് പവർ പ്ലാന്റ് എന്നിവയും ശ്രദ്ധ ആകർഷിക്കുന്നതാണ്. മധ്യപൂർവദേശത്തെ വിനോദസഞ്ചാര ആസ്ഥാനമാകാനുള്ള വമ്പൻ പദ്ധതികളുമായി സൗദി അറേബ്യ. പുതിയ ടൂറിസം നിയമത്തിന് അംഗീകാരം നൽകി രാജ്യം കിരീടാവകാശി മുഹമ്മദ് ബിൻ സൽമാന്റെ സ്വപ്ന പദ്ധതിയായ വിഷൻ 2030-ന്റെ സാക്ഷാതാകരവും കണക്കിലെടുത്താണ് തീരുമാനം. സൌദി അറേബ്യയിൽ മാറ്റത്തിന്റെ കാറ്റ് വീശിയടിക്കാൻ തുടങ്ങിയിട്ട് അധികനാളായില്ല. വിനോദസഞ്ചാരം, വിദേശനിക്ഷേപം, സാങ്കേതിക വിദ്യകൾ, വനിതാശാക്തീകരണം തുടങ്ങിയ സമസ്ത മേഖലകളിലും വൻമാറ്റങ്ങളിലൂടെ മുന്നേറ്റം. മരുഭൂമിയും മലകളും പച്ചപ്പും നിറഞ്ഞ സൗദിയുടെ ടൂറിസം സാധ്യതകൾ പരാമവധി ഉപയോഗപ്പെടുത്തി ലോകത്തെ ഏറ്റവും മുൻനിരയിലുള്ള വിനോദസഞ്ചാരകേന്ദ്രമാക്കുകയാണ് ലക്ഷ്യം. സഞ്ചാരികളെ ആകർഷിക്കാൻ രാജ്യത്തിന്റെ മെഗാപദ്ധതിയാണ് നിയോം. നഗര സങ്കൽപ്പങ്ങളെ പൊളിച്ചെഴുതി തികച്ചും വിഭിന്നമായ ഭാവി നഗരമാണ് സൗദിയുടെ വടക്കുപടിഞ്ഞാറ് മേഖലയിലുയരുന്നത്. ഇവിടെയാണ് സ്വസ്ഥമായി ജീവിക്കാൻ, പരിസ്ഥിതി സൗഹൃദമായൊരു നഗരം മുഹമ്മദ് ബിൻ സൽമാൻ വിഭാവനം ചെയ്ത് നിർമ്മാണം തുടങ്ങിയിരിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനപ്പുറം പ്രകൃതിയ്ക്കും സൈ്വര്യജീവിതത്തിനും മുൻഗണന നൽകിയാണ് നിയോം നഗരം ഒരുങ്ങുന്നത്.



സൗദിയുടെ ചെങ്കടൽ ടൂറിസം പദ്ധതി സഞ്ചാരികൾക്കായ് തുറന്നുകൊടുക്കും. തീർഥാടനം അല്ലാതെ രാജ്യത്തിന്റെ മറ്റ് തലങ്ങൾ അടുത്തറിയാൻ പുതിയ പദ്ധതി സഞ്ചാരികളെ സഹായിക്കുമെന്നാണ് വിലയിരുത്തൽ, സൗദിയുടെ സാംസ്കാരിക പൈതൃകത്തിന് കോട്ടം തട്ടാതെയുള്ള നിർമിതികളാണ് എല്ലാം. ഇതുകൂടാതെ സൗദ ദിരിയ ഗേറ്റ് എന്നിവയുൾപ്പെടെ വിവിധ പ്രദേശങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം ത്വരിതപ്പെടുത്താനും പുതിയ നിയമം വഴിവയ്ക്കും.

ലോകത്തിലെ ഏറ്റവും വലിയ ആധുനിക നഗരം എന്ന വിശേഷണത്തോടെ 400 മീറ്റർ ഉയരവും 400 മീറ്റർ വീതിയുമുള്ള ഒരു സമചതുര നഗരമാണ് 2030-ൽ പണി പൂർത്തിയാകുന്ന മുഖാബ്. റിയാദിന്റെ വടക്കു പടിഞ്ഞാറായി 19 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള സ്ഥലത്ത് സകലവിധ ആഡംബരത്തിന്റെ വിളനിലമായി മാറ്റാൻ ലക്ഷ്യമിടുന്ന ന്യൂ മുറബ്ബ വികസന പദ്ധതിയുടെ ഭാഗമാണ് മുഖാബ്. കെട്ടിടം ആധുനിക നജ്ദി വാസ്തുവിദ്യാ ശൈലിയെ അടിസ്ഥാനമാക്കി പണിയപ്പെടുന്നു. ലോകത്തിൽ ആർക്കും അനുകരിക്കുവാൻ കഴിയാത്തവിധമുള്ള എല്ലാവിധമായ ലൗകിക സുഖങ്ങളും ഈ നഗരത്തിൽ വാഗ്ദാനം ചെയ്യപ്പെടുന്നു. ഈ ക്യൂബ് കെട്ടിടം ഒരു സർപ്പിള അടിത്തറയുടെ മുകളിൽ ഒരു ടവറും 2 ദശലക്ഷം ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു ഘടനയും ഉൾക്കൊള്ളുന്നു, അത് വ്യാപാര, സാംസ്കാരിക, വിനോദസഞ്ചാര കേന്ദ്രങ്ങളുള്ള ഒരു ഇടമായിരിക്കും. ഭവനങ്ങൾ, ഹോട്ടൽ യൂണിറ്റുകൾ, വാണിജ്യ ഇടങ്ങൾ, വിനോദ സൗകര്യങ്ങൾ എന്നിവയും ഇതിലുണ്ടാകും. മൊത്തത്തിൽ, ന്യൂ മുറബ്ബ പദ്ധതിയിൽ 104,000 പാർപ്പിട സമുച്ചയങ്ങളും, 9,000 ഹോട്ടൽ മുറികളും, 980,000 ചതുരശ്ര മീറ്റർ വാണിജ്യ സ്ഥലം, 1.4 ദശലക്ഷം ചതുരശ്ര മീറ്റർ ഓഫീസ് സ്ഥലം എന്നിവ ഉൾപ്പെടുന്നു. കമ്മ്യൂണിറ്റി സൗകര്യങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന 1.8 ദശലക്ഷം ചതുരശ്ര മീറ്റർ സ്ഥലവും ഉണ്ടാകും. ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഹരിത പ്രദേശങ്ങളും നടപ്പാതകളും സൈക്കിൾ പാതകളും ഉപയോഗിച്ച് സുസ്ഥിര നഗരവികസനത്തിന് ഒരു മാതൃകയായി ന്യൂ മുറബ്ബ പദ്ധതി മാറും. ഒരു മ്യൂസിയം, ഒരു ടെക്നോളജി ആൻഡ് ഡിസൈൻ മ്യൂസിയം, ഒരു തിയേറ്റർ, 80ലധികം വിനോദ സാംസ്കാരിക വേദികൾ എന്നിവയും.

വളരെ പഴക്കമുള്ള ചരിത്രം പേറുന്ന ഒരു പൈതൃക സ്ഥലമായ സൗദി അറേബ്യയിലെ അൽഉല ലോകത്തിലെ ചില പുരാതന സാംസ്കാരിക ചരിത്രം ഉറങ്ങുന്ന സ്ഥലമാണ്. മണൽക്കല്ല് പർവതങ്ങൾ, മരുപ്പച്ചകൾ എന്നിവയുടെ ആസ്ഥാനമാണ്. രാജ്യത്തിന്റെ പ്രത്യേക പദ്ധതിയായ 'ജേർണി ത്രൂ ടൈം' പദ്ധതിയിലൂടെ ചരിത്രപരമായ ഈ സ്ഥലത്തെ ഒരു അന്താരാഷ്ട്ര ടൂറിസ്റ്റ് സെന്ററാക്കി മാറ്റുന്നതിനുള്ള പ്രക്രിയയിലാണ് രാജ്യം ഇപ്പോൾ.

365 ദിവസവും സമുദ്രത്തിലൂടെ സഞ്ചരിക്കുന്ന ഭീമൻ കപ്പൽ ആണ് സൗദിയുടെ അടുത്ത പദ്ധതി. കപ്പലിലെ യാത്രക്കാർക്ക് വേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും ഇതിൽ ഒരുക്കിയിട്ടുണ്ട്. വിവിധ സൗകര്യങ്ങളുമുള്ള ഒഴുകുന്ന നഗരം എന്ന് വേണമെങ്കിൽ ഈ പദ്ധതിയെ വിശേഷിപ്പിക്കാം. പാൻഗിയോസ് എന്ന ഭീമൻ 'ആമനഗരം' എന്ന പേരിൽ ആണ് ഇത് അറിയപ്പെടുന്നത്. അഡംബര ഉല്ലാസ ജീവിതത്തിന്റെ ഏറ്റവും വലിയ കേന്ദ്രമാക്കി ഈ പദ്ധതിയെ മാറ്റാൻ ആണ് സൗദി ലക്ഷ്യം വെക്കുന്നത്.1800 അടി വീതിയും 2000 അടി നീളവുമായിരിക്കും ഈ ഒഴുകുന്ന നഗരത്തിന് ഉണ്ടായിരിക്കുക. 595.55 അടി നീളമുള്ള ജർമൻ നിർമിത കപ്പൽ ആയ 'അസം', ജാപ്പനീസ് കമ്പനി ആയ സുമിറ്റോമോ ഹെവി ഇൻഡസ്ട്രീസ് നിർമിച്ച 'സീവൈസ് ജയന്റ്' കപ്പൽ ഇവയാണ് നിർമ്മിച്ചവയിൽ വലിയത്. എന്നാൽ പാൻഗിയോസ് ആ ചരിത്രം മാറ്റി കുറിക്കും. ഈ രണ്ടു ഭീമൻ കപ്പലുകളേക്കാളും വലുതാണ് പാൻഗിയോസ്.

തീരദേശ നഗരങ്ങളായ ഉംലുജിനും അൽ വാജിനും ഇടയിൽ സ്ഥിതി ചെയ്യുന്ന ചെങ്കടൽ പദ്ധതി മദ്ധ്യപൂർവ്വ ദേശം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണമായി മാറും. 30000 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിക്കും, കൂടാതെ പ്രകൃതിദത്തമായ ദ്വീപുകൾ, വിശാലമായ മരുഭൂമി ഭൂപ്രകൃതി, പർവതശിഖരങ്ങൾ, പുരാവസ്തു നിധികൾ എന്നിവ ഉൾപ്പെടുന്നതാണ്. ഈ പ്രദേശം 200 കിലോമീറ്റർ സ്പർശിക്കാത്ത തീരപ്രദേശം ഉൾക്കൊള്ളുന്നു, ഇത് ലോകത്തിലെ ഏറ്റവും വിജയകരമായ സുസ്ഥിര ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഒന്നായി മാറും. പൈതൃകം, സംസ്കാരം, സംരക്ഷണം എന്നിവയിൽ ശക്തമായ ശ്രദ്ധ കേന്ദ്രീകരിച്ച് രൂപകൽപ്പന ചെയ്ത ചെങ്കടൽ പദ്ധതി വർഷം മുഴുവനും സന്ദർശകരെ ആകർഷിക്കുന്നതിനാണ് നിർമ്മിക്കുന്നത്. റിസോർട്ട് പൂർത്തിയായാൽ 8,000 പുതിയ ഹോട്ടൽ മുറികൾ നൽകും, ഈ മേഖലയിലെ ആദ്യത്തെ സമ്പൂർണ്ണ സംയോജിത, ആഡംബര, സമ്മിശ്ര ഉപയോഗ റിസോർട്ട് ആയിരിക്കും.

സൗദി അറേബ്യയിലെ ചരിത്ര നഗരമായ ദിരിയയെ രാജ്യത്തിന്റെ സാംസ്കാരിക തലസ്ഥാനമായി പുതുക്കി, സംസ്കാരവും പൈതൃകവും, ആതിഥ്യമര്യാദ, ചില്ലറ വ്യാപാരം, വിദ്യാഭ്യാസം എന്നിവയ്ക്കായുള്ള ലോകത്തിലെ ഏറ്റവും മികച്ച ജീവിതശൈലി ലക്ഷ്യസ്ഥാനങ്ങളിലൊന്നായി അതിനെ മാറ്റാനുള്ള അതിമോഹ പദ്ധതികളോടെയാണ് ഇത്. റിയാദിന്റെ സിറ്റി സെന്ററിൽ നിന്ന് 20 മിനിറ്റ് വടക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ദിരിയ, 300 വർഷത്തെ ആധികാരിക സംസ്കാരവും ചരിത്രവും പ്രദർശിപ്പിക്കും, പ്രചോദനാത്മകമായ പൈതൃക അനുഭവങ്ങൾ, വിദ്യാഭ്യാസ, സാംസ്കാരിക അവസരങ്ങൾ, ലോകോത്തര റെസിഡൻഷ്യൽ ജീവിതം, മികച്ച ജീവിതശൈലി എന്നിവ വാഗ്ദാനം നൽകുന്നു.

ഭാവികാല സാധ്യതകളെ വിലയിരുത്തി പണിയപ്പെടുന്ന നിരനിരയായുള്ള നഗരമാണ് നിയോം. രാജ്യത്തിന്റെ വടക്ക്പടിഞ്ഞാറൻ തബൂക്ക് പ്രവിശ്യയിൽ നിർമ്മിക്കുന്ന രേഖീയ നഗരം. ആർട്ടിഫിഷ്യൽ ഇന്റലിജെൻസിന്റെ സഹായത്തോടെ 500 ബില്യൺ ഡോളറിൽ നിർമ്മിക്കുന്ന ഈ നഗരം എല്ലാവിധമായ ആഡംബര ജീവിതവും നല്കി തരും. നഗരം വെറും 200 മീറ്റർ വീതിയും എന്നാൽ 170 കിലോമീറ്റർ നീളവും സമുദ്രനിരപ്പിൽ നിന്ന് 500 മീറ്റർ ഉയരവുമുള്ളതായിരിക്കും.

അക്കാബ ഉൾക്കടലിൽ നിന്ന് 50 കിലോമീറ്റർ അകലെയാണ് സൗദി അറേബ്യയിലെ ട്രോജെന സ്ഥിതി ചെയ്യുന്നത് മഞ്ഞുമൂടിയ വിനോദസഞ്ചാര കേന്ദ്രവും രാജ്യത്തിന്റെ മെഗാപ്രോജക്റ്റായ നിയോമിന്റെ ഭാഗവുമാണ്. 1,500 മീറ്റർ മുതൽ 2,600 മീറ്റർ വരെ ഉയരത്തിൽ, ഏകദേശം 60 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ, 2029 -ലെ ഏഷ്യൻ വിന്റർ ഗെയിംസിന് മുന്നോടിയായി രൂപാന്തരപ്പെടുത്തുന്നു. സൗദി അറേബ്യ അതിന്റെ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ വൈവിധ്യത്തെ അടിസ്ഥാനമാക്കി എങ്ങനെ ലക്ഷ്യസ്ഥാനങ്ങൾ സൃഷ്ടിക്കുന്നു എന്നതിന്റെ സവിശേഷ ഉദാഹരണമാണ്. ഭാവി തലമുറകൾക്കായി പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം രാജ്യത്തിന്റെ സാമ്പത്തിക വൈവിധ്യവൽക്കരണത്തെ പിന്തുണയ്ക്കുന്നതിനുള്ള മറ്റൊരു വരുമാന സ്രോതസ്സാണ് പർവത വിനോദസഞ്ചാരമെന്ന് ഈ മുന്നോട്ടുള്ള കാഴ്ചപ്പാട് ഉറപ്പാക്കും.

ചെങ്കടൽ, സൂയസ് കനാലിന് സമീപം. വ്യാവസായിക വികസനത്തോടുള്ള ലോകത്തിന്റെ സമീപനത്തെ പുനർനിർവചിക്കുന്ന ഒരു പുതിയ സേവന കേന്ദ്രം സൃഷ്ടിച്ച് ആഗോള ഉൽപ്പാദനത്തിൽ വിപ്ലവം സൃഷ്ടിക്കുന്നതിനാണ് ഒക്സാഗോൺ നഗരം രൂപകൽപ്പന ചെയ്തിരിക്കുന്നത്. നഗരത്തിന്റെ തനതായ രൂപം അതിന്റെ പേരിനെ പ്രതിഫലിപ്പിക്കുന്നു, അതിൽ പ്രധാനമായും ഫാക്ടറികൾ, നിർമ്മാണ സൗകര്യങ്ങൾ, സേവനങ്ങളുമായി ബന്ധപ്പെട്ട സൈറ്റുകൾ എന്നിവ ഉൾപ്പെടും. അത്യാധുനിക സംയോജിത തുറമുഖവും എയർപോർട്ട് കണക്റ്റിവിറ്റിയും ഉള്ള ലോകത്തിലെ ഏറ്റവും സാങ്കേതികമായി പുരോഗമിച്ച ലോജിസ്റ്റിക്സ് ഹബ്ബുകളിൽ ഒന്നായിരിക്കും നഗരം.

ആഡംബരത്തിന്റെ അവസാന വാക്ക് എന്ന് വിശേഷിപ്പിക്കുന്ന ചെങ്കടലിലേക്കുള്ള ഒരു പ്രധാന കവാടമായി പ്രവർത്തിക്കുന്ന സിൻഡല്ല എന്ന നഗരം. 840,000 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള സിൻഡല ദ്വീപുകളുടെ ഒരു കൂട്ടമാണ്, അത് ഗിഗാ പദ്ധതിയിൽ വികസിപ്പിക്കും. ടൂറിസം മേഖലയ്ക്കും ഹോസ്പിറ്റാലിറ്റി, വിനോദ സേവനങ്ങൾക്കുമായി 3,500 തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രൂപകല്പനയും നൂതന സാങ്കേതിക വിദ്യയും പ്രചോദനാത്മകമായ വാസ്തുവിദ്യയും മെച്ചപ്പെടുത്തിയ പ്രകൃതിയുമായി പൊരുത്തപ്പെടുന്ന സ്ഥലം. വെള്ളത്തിന് മുകളിലും താഴെയുമുള്ള അവിസ്മരണീയമായ അനുഭവങ്ങളും സമീപത്തുള്ള മെഡിറ്ററേനിയൻ സമുദ്രത്തിലേക്കുള്ള പ്രവേശനം കൊണ്ടും സിൻഡല വർഷം മുഴുവനും ആനന്ദം നൽകും.

വിനോദം, കായികം, കലാ വ്യവസായം എന്നിവയിൽ വിപ്ലവം സൃഷ്ടിക്കാൻ സൗദി അറേബ്യയിലെ പുതിയ വികസന പദ്ധതിയായ ഖിദ്ദിയ തയ്യാറെടുക്കുന്നു. 2030 പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ഖിദ്ദിയ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ വൈവിധ്യവത്കരിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും യുവാക്കളെയും സ്ത്രീകളെയും ശാക്തീകരിക്കാനും സഹായിക്കും.

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടം, ഏഴ് വർഷം മുമ്പ് നിർമ്മാണം ആരംഭിച്ചു.


1.4 ബില്യൺ ഡോളറിന്റെ അതിമോഹമായ പദ്ധതി. പൂർത്തിയാകുമ്പോൾ, നിലവിലെ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടമായ ബുർജ് ഖലീഫയ്ക്ക് മുകളിൽ ജിദ്ദ ടവർ ഒരു കിലോമീറ്റർ ഉയരത്തിൽ നിൽക്കും.

ടവർ 243,866 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതാണ്. ഭൂമിയിൽ നിന്ന് 664 മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ലോകത്തിലെ ഏറ്റവും ഉയരം കൂടിയ നിരീക്ഷണ കേന്ദ്രം ഇതിലുണ്ടാകും. ആകർഷകമായ ഉയരവും ആഡംബര സൗകര്യങ്ങളുമുള്ള ടവർ, ആധുനികവും വൈവിധ്യപൂർണ്ണവുമായ സമ്പദ്‌വ്യവസ്ഥയിലേക്കുള്ള സൗദി അറേബ്യയുടെ നീക്കത്തിന്റെ പ്രതീകമായിരിക്കും.

ഇതെല്ലാം വിളിച്ചറിയിക്കുന്നത് ഉല്പത്തി പുസ്തകത്തിൽ നിമ്രോദിനാൽ ആരംഭിക്കുവാൻ ഇടയായിതീർന്ന ബാബേൽ ഗോപുരം നിർമ്മിതിയിൽ ഭാഷ കലങ്ങിയതിനാൽ പൂർത്തികരിക്കുവാൻ കഴിയാതെ പോയ പട്ടണം. ആ ഗോപുരത്തിന്റെയും പട്ടണങ്ങളുടെയും പുനർനിർമ്മിതി വേദുസ്തകം വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. യെശയ്യാപ്രവാചക പുസ്തകം, ദാനിയേൽ, വെളിപ്പാട് എന്നിവടങ്ങളിൽ അത് കാണുന്നു. സർവ്വലോകത്തെയും ഭരിക്കുന്ന ഏകാധിപതി, അവിടേയ്ക്ക് ആഡംബരത്തിനും ലൗകിക സുഖത്തിനും എത്തിച്ചേരുന്ന ജനങ്ങൾ ഇത് മഹതിയാം ബാബിലോൺ എന്ന ആഡംബര നഗരത്തിന്റെ പുനരാവിഷ്കാരമാണ്. അന്ത്യകാലത്ത് വ്യാപാരവും വിനിമയവും ആനന്ദവും എല്ലാം സമ്മേളിക്കുന്ന വ്യവസായിക നഗരങ്ങൾ മദ്ധ്യപൂർവ്വ ദേശത്ത് ഉണ്ടാകുമെന്ന് വെളിപ്പാട് പുസ്തകത്തിലും ദാനിയേലിന്റെ പുസ്തകത്തിലും വളരെ വ്യക്തമായി പറയുന്നു. മഹാനഗരമായ ബാബിലോൺ എന്ന് വേദപുസ്തകം ആ നഗരത്തെ വിശേഷിപ്പിക്കുന്നു. ബൈബിൾ ഗൗരവബുദ്ധിയോടെ പഠിക്കുന്ന ഓരോരുത്തരും ദൈവവചനത്തിലെ ഈ പ്രധാന ഉപവിഷയത്തിൽ താത്പര്യം പ്രകടമാക്കേണ്ടത് ആവശ്യമാണ്.

ലേഖനം

# ദുരാത്മബാധിതന്റെ വാളും തൈല നനവുള്ളവന്റെ വടിയും



പാസ്റ്റർ ഷൈജു ഡാനിയേൽ അടൂർ



ഏലാ താഴ്‌വരയിൽ ദാവീദ് എന്ന ഇടയ ചെറുക്കൻ ആകെ അസ്വസ്ഥനാകുകയാണ്. വിവരണാതീതമായ ബുദ്ധിമുട്ടുകൾ രാജാവ് സമ്മാനിച്ച പുതിയ ആയുധങ്ങളിലും പടചട്ടകളിലും ആ ചെറുപ്പക്കാരൻ അനുഭവിക്കുകയാണ്. കാലുകൾ ഇടറുന്നു, സ്വാതന്ത്ര്യം നഷ്ടമാകുന്നു, അകാരണമായ ആശങ്കകൾ രൂപപ്പെടുന്നു, യുദ്ധ തന്ത്രങ്ങൾ പിഴയ്ക്കുന്നു, ഇവയൊന്നും ശീലമില്ലാത്ത ആ പവിഴ നിറക്കാരൻ പടയങ്കിക്കകത്തു നിന്നും പുറത്തിറങ്ങി.

ശരീരത്തിൽ പടയങ്കി...തലമേൽ താമ്ര ശിരസ്ത്രം...കൂടെ കവചം...പടയങ്കിമേൽ കെട്ടിവച്ച വാൾ,.. ചുരുക്കം ചുവടുകൾ മുന്നോട്ടുവച്ചതും ഇടയ ചെറുക്കൻ ചുവടുകളിൽ ഇടറി.

ഒടുവിൽ ദാവീദ് ശൗലിനോടായി “ശീലമില്ല രാജാവേ, വനവാസിയായ ദാവീദിന് കൊട്ടാരം വക ആയുധങ്ങൾ ഒന്നും ശീലമില്ല. ഞാൻ ശീലിച്ചിട്ടില്ല ഇവ ധരിച്ചുകൊണ്ട് നടക്കാൻ എനിക്ക് കഴിയുകയില്ല” എന്ന് പറഞ്ഞ് ശൗൽ അണിയിച്ച വെച്ചുകെട്ടുകളെല്ലാം അവൻ ഊരിവെച്ചു. പിന്നെ തന്റെ വടിയെടുത്തു (1 ശമുവേൽ 17:28).

കൊട്ടാരത്തിന്റെ വെച്ചു കെട്ടുകളിൽ തൈലകൊമ്പ് ശിരസ്സിൽ ചെരിഞ്ഞവൻ തന്റേടക്കുറവുള്ളവനായി മാറുകയാണ്.

മല്ലനെ മറിക്കുവാനുള്ള കൊട്ടാരം വക സഹായങ്ങൾ അഭിഷേകത്തിന്റെ തൈല നനവ് വറ്റിയിട്ടില്ലാത്തവനെ കൂടുതൽ ധൈര്യഹീനനാക്കി.

പടയങ്കിയും താമ്ര ശിരസ്ത്രവും കവചവും വാളും ഊരിവെച്ചുകൊണ്ട് കവിണയും ശേഷം കയ്യിൽ വടിയുമെടുത്ത് മുന്നോട്ട് സഞ്ചരിക്കുന്ന യിശായി പുത്രനെ പുരോഗമനവാദികളായ കാഴ്ചക്കാർ കണക്കിന് പരിഹസിച്ചു. ഏലാ താഴ്‌വരയിലെ എതിരാളിയെ എറിഞ്ഞു വീഴ്ത്തുവാൻ പോകുന്നവൻ.

ദൈവം തിരഞ്ഞെടുത്തവന്റെ മേൽ കൊട്ടാരം അണിയിക്കുന്ന വെച്ചുകെട്ടുകൾ എല്ലാം അവനെ കൂടുതൽ അസ്വസ്ഥനാക്കും... നടന്നു തുടങ്ങിയപ്പോൾ പിടികിട്ടി ഇത് എനിക്ക് ചേരില്ല.

ദൈവീക നിയോഗങ്ങളെ കൃത്യമായി സ്വാതന്ത്ര്യത്തോടെ നടപ്പിലാക്കുവാൻ കഴിയാത്തവിധം ശൗൽ ധരിപ്പിക്കുന്ന പടയങ്കി മൂലം കാത്തിരുന്നു അഭിഷേകം തലയിൽ സ്വീകരിച്ചവന് വിർപ്പു മുട്ടുന്നത് വല്ലാത്ത ഒരു പ്രതിസന്ധിയാണ്...ഊരിമാറ്റി അവയിൽ നിന്നും പുറത്തിറങ്ങി ദൈവം തന്നതുമായി മാത്രം സഞ്ചരിച്ചാൽ പുരോഗമനവാദികൾ അടക്കം പറഞ്ഞുതുടങ്ങും; കാലോചിതമല്ലത്രേ...വടിയും കല്ലും കവിണയും അപരിഷ്കൃതമാണെന്ന്...

ശൗലിന്റെ പടയങ്കിയിലോ കവചത്തിലോ വാളിലോ, ദാവീദിന്റെ വടിയിലോ കല്ലിലോ കവിണയിലോ മല്ലനെ വീഴ്ത്തുന്ന മാന്ത്രികത ഒന്നുമില്ല, പകരം ദാവീദെന്ന അഭിഷേകം വീണ വനവാസിയോടൊപ്പം ചേർന്ന് നിൽക്കുന്ന ദൈവമാണ് വിജയത്തിനാധാരം...“യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു”...- കൊട്ടാരം ധരിപ്പിച്ച കൃത്രിമത്വങ്ങൾ എല്ലാം അഴിച്ചുവച്ച് നെഞ്ചുറപ്പോടെ ആ നിരായുധനായ ചെറുപ്പക്കാരനെ നെടുപ്പക്കാരനായ പ്രതിയോഗിക്കെതിരെ ചലിപ്പിച്ചത് തന്നോടൊപ്പം കൂടെ നിൽക്കുന്ന ദൈവസാന്നിധ്യമായിരുന്നു

പടയങ്കിയും താമ്ര ശിരസ്ത്രവും കവചവും വാളും കൊണ്ടുവരുന്ന വിജയങ്ങൾ ദൈവം കൂടെയുള്ളവന്റെ കൊച്ചുവടിയിലേക്കും തോട്ടിലെ ചെറുകല്ലിലേക്കും വഴിമാറും. ദുരാത്മബാധിതന്റെ വാളിനേക്കാൾ നിന്റെ കൈവശമുള്ള വടി ധാരാളം മതിയാകും, ദൈവം കൂടെയുണ്ടെങ്കിൽ. ആയതിനാൽ ആണ് തിരുവെഴുത്തിലെ ഭക്തന്മാർ എല്ലാം മറ്റെന്തിനെക്കാളും ദൈവസാന്നിധ്യത്തെ കൊതിച്ചതും അത് പിന്തുടരേണം എന്ന് ദൈവത്തോട് ആവശ്യപ്പെട്ടതും...ഏതുവിധം പ്രതിസന്ധികൾ ഉയർന്നുവന്നാലും ദൈവം കൂടെയുള്ളവൻ എല്ലാകാലത്തും വ്യത്യസ്തനായിരിക്കും. ദൈവം കൂടെയുണ്ട് എന്നുറപ്പുണ്ടെങ്കിൽ ധൈര്യപൂർവ്വം ലോകത്തിന്റെ ആവശ്യപ്പെടലുകളെ നിഷേധിക്കാം.

## അവാർഡ് വിതരണവും സ്കൂൾകിറ്റ് വിതരണവും നടത്തി



**എറണാകുളം:** എറണാകുളം സോണൽ വൈ.പി.ഇ-യുടെ ആഭ്യമുഖ്യത്തിൽ എറണാകുളം സോണൽ കോർഡിനേറ്റർ ബ്രദർ സജു സണ്ണിയുടെ നേതൃത്വത്തിൽ 250-ൽ അധികം സ്കൂൾ കുട്ടികൾക്ക് സ്കൂൾ കിറ്റ് വിതരണം കളമശ്ശേരി ചർച്ച് ഓഫ് ഗോഡിൽ വച്ച് നടത്തി. കൂടാതെ ഡോക്ടേഴ്സായി ഗ്രാജുവേറ്റ് ചെയ്തവരേയും, +2വിന് മുഴുവൻ എ+ ലഭിച്ച വിദ്യാർത്ഥികളെയും, യൂണിവേഴ്സിറ്റി റാങ്ക് ലഭിച്ചവരെയും ഈ മീറ്റിംഗിൽ ആദരിച്ചു.

പ്രസ്തുത മീറ്റിംഗ് എറണാകുളം എം.പി ശ്രീ. ഹൈബി ഈഡൻ ഉത്ഘാടനം ചെയ്യുകയും, ആദ്യ സ്കൂൾ കിറ്റ് വിതരണം ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റെജി നടത്തുകയും ചെയ്തു. വൈ.പി.ഇ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ പി. എ ജെറാൾഡ് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ വൈ.പി.ഇ സംസ്ഥാന വൈസ് പ്രസിഡന്റ് പാസ്റ്റർ മാത്യു ബേബി, പാസ്റ്റർ ബൈജു തങ്കച്ചൻ ബ്രദർ, പി. ആർ വർഗ്ഗീസ് എന്നിവർ ആശംസകൾ അറിയിച്ചു.

## ലേഡീസ് മിനിസ്ട്രീസ് ഏകദിന സെമിനാർ





*ലേഡീസ് മിനിസ്ട്രീസ് ഏകദിന സെമിനാർ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി. തോമസ് ഉദ്ഘാടനം ചെയ്യുന്നു*


**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ലേഡിസ് മിനിസ്ട്രിയുടെ ഏകദിന സെമിനാർ മുളക്കുഴ മൗണ്ട് സിയോൻ കൺവൻഷൻ സെന്ററിൽ നടന്നു. ലേഡിസ് മിനിസ്ട്രി സംസ്ഥാന പ്രസിഡന്റ് സിസ്റ്റർ സുനു തോമസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി തോമസ് സെമിനാർ ഉദ്ഘാടനം ചെയ്തു.

ഡോ. സുമ ആൻ നൈനാൻ ദൈവവചനം ശുശ്രൂഷിച്ചു. ലേഡിസ് മിനിസ്ട്രി ബോർഡ് അംഗങ്ങൾ സെമിനാറിന് നേതൃത്വം കൊടുത്തു. ലേഡീസ് മിനിസ്ട്രീസ് വൈസ് പ്രസിഡൻറ് സിസ്റ്റർ മേരിക്കുട്ടി എബ്രഹാം റിപ്പോർട്ടുകൾ അവതരിപ്പിച്ചു. വിവിധ പ്രോഗ്രാമുകൾക്ക് ബോർഡ് അംഗങ്ങൾ നേതൃത്വം കൊടുത്തു. വൻ ജനാവലി ഏകദിന സമ്മേളനത്തിൽ സംബന്ധിച്ചു. എജ്യൂക്കേഷൻ ഡയറക്ടർ ഡോ. ഷിബു കെ. മാത്യു കൗൺസിൽ സെക്രട്ടറി പാസ്റ്റർ സജി ജോർജ്, ജോയിന്റ് സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യു, സ്റ്റേറ്റ് ട്രഷറർ പാസ്റ്റർ ഫിന്നി ജോസഫ്, വൈ.പി.ഇ. പ്രസിഡന്റ് പാസ്റ്റർ പി. എ. ജെറാൾഡ്, വൈസ് പ്രസിഡന്റ് പാസ്റ്റർ മാത്യു ബേബി, പ്രയർസെൽ ഡയറക്ടർ പാസ്റ്റർ ലൈജു നൈനാൻ, കോസ്റ്റൽ സോൺ ഡയറക്ടർ പാസ്റ്റർ ബാബു ബി. മാത്യു, ബിലിവേഴ്സ് ബോർഡ് സെക്രട്ടറി ബ്രദർ ജോസഫ് മറ്റത്തുകാല തുടങ്ങി അനേക ദൈവദാസന്മാർ ഈ സമ്മേളനത്തിൽ സംബന്ധിച്ചു.

## ഐപിസി നെടുമ്പാശ്ശേരി സെന്റർ ഭാരവാഹികൾ







**അങ്കമാലി:** ഐപിസി നെടുമ്പാശ്ശേരി സെന്ററിന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ റ്റി. എ. തമ്പി (പ്രസിഡന്റ് ), പാസ്റ്റർ റ്റി. എം. മാത്യു (വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ. ജെ. മാത്യു (സെക്രട്ടറി), ലിജി വി. പി (ജോ. സെക്രട്ടറി), അജയ് കെ. എസ് (ട്രഷറർ) എന്നിവർ എക്സിക്യൂട്ടീവായി 11 അംഗ കമ്മിറ്റി ചുമതലയേറ്റു.

## അക്സ സണ്ണി ഇന്ത്യൻ വുമൺ ഹാൻഡ് ബോൾ ടീമിൽ



**പത്തനംതിട്ട:** തുരുത്തിക്കാട് ബിഎഎം കോളജിലെ ബി.കോം വിദ്യാർത്ഥിനിയും ചിരട്ടാമണ്ണിൽ സി.ജെ. സണ്ണിയുടെയും ജിനൊ എൻ. ജോർജിന്റെയും മകളായ അക്സ സണ്ണി ഇന്ത്യൻ വുമൺ ഹാൻഡ് ബോൾ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഇറാനിൽ നടക്കുന്ന 6-ാമത് ഏഷ്യൻ വുമൺ ക്ലബ് ലീഗ് ഹാൻഡ് ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും.

പത്തനംതിട്ട ഹാൻഡ് ബോൾ അസോസിയേഷനും കേരള ഹാൻഡ് ബോൾ അസോസിയേഷനും ആന്റോ ആന്റണി എംപിയും അനുമോദനങ്ങൾ അറിയിച്ചു.

അക്സ സണ്ണി പുല്ലുകുത്തി ഐപിസി സഭാംഗമാണ്. അക്സക്ക് ഹാൻഡ് ബോളിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്.

ഇത്തവണ എംജി യൂണിവേഴ്സിറ്റിയുടെ ഹാൻഡ് ബോൾ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിരുന്നു. സഭയുടെ യുവജന വിഭാഗമായ പിവൈപിഎ യുടെ സജീവ പ്രവർത്തകയുമാണ് അക്സ സണ്ണി.

CENTURY 21
ROYAL

SCARSDALE, NEW YORK

We aim to provide our clients what they are looking for in a Real Estate experience.

We have been providing outstanding service in residential and commercial Real Estate for past 29+ years.





GEORGE JOHN
PRINCIPAL BROKER
Cell: (914) 804-8693
George@century21royal.com

STANLEY MATHEW
SALES ASSOCIATE
Cell: (845) 300-8458
Stanley@century21royal.com

We still believe in personal service to all our customers who rely on our dedication, trust and integrity



Follow us on:



www.royalfinehomes.com
www.century21royal.com


Office Address: 697 Central Park Avenue, Scarsdale, NY 10583 | (914) 722-0700

# അശരണർക്ക് ആശ്വാസമായി സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസ്



അമേരിക്ക! ഏതു മനുഷ്യന്റെയും സ്വപ്നഭൂമിയാണ്. സൗഭാഗ്യങ്ങളുടെ നാട്! അവിടെ എത്തിപ്പെടുക എന്ന സ്വപ്നത്തിനുടമയായിരുന്നു ലോറൻസും. ഗൾഫിലെ മണലാരണ്യത്തിൽ നിന്നും സ്വപ്നഭൂമിയിൽ ചേക്കേറിയ ലോറൻസിന്റെ കുടുംബം അമേരിക്കയിലെ കണ്ണഞ്ചിപ്പിക്കുന്ന പുറംമോടികളിൽ മയങ്ങിപ്പോയി. മദ്യപാനം കുടുംബത്തിൽ താളപ്പിഴകൾ ഉണ്ടാക്കി. ഒരിക്കലുണ്ടായ അപകടം തന്നെ ജോലി ചെയ്യുവാൻ ശേഷിയില്ലാത്തവനാക്കി. ഒടുവിൽ ഭാര്യ മക്കളെയും കൂട്ടി മറ്റൊരിടം തേടി യാത്രയായപ്പോൾ ലോറൻസ് യാഥാർത്ഥ്യം തിരിച്ചറിഞ്ഞു. തന്റെ പേരിൽ ഒരു സ്വത്തുമില്ല. സ്വത്തെല്ലാം മുമ്പേതന്നെ പേരിലാക്കിയിരുന്ന ഭാര്യ മറ്റൊരുവനെ വിവാഹം കഴിച്ചപ്പോൾ ലോറൻസ് സ്വപ്നഭൂമിയിലെ തെരുവിലേക്ക് ഇറങ്ങേണ്ടി വന്നു. മദ്യവും മയക്കുമരുന്നും ഒഴുകുന്ന അമേരിക്കയുടെ മറ്റൊരു മുഖം. ജയിൽ വിമോചിതരും കുറ്റവാളികളുമെല്ലാം ഒരു നേരത്തെ ആഹാരത്തിനായും തല ചായ്ക്കാൻ ഒരു ഇടത്തിനായും അലയുന്ന ഇടം. ലോറൻസിന്റെ ജീവിതം താളപ്പിഴകളോടെ ആഴത്തിലേക്കു പതിക്കുകയായിരുന്നു. തിരികെ വരുവാൻ കഴിയില്ലെന്ന ചിന്തയിൽ അലഞ്ഞ ലോറൻസിനെ തേടി ഒരു സുവിശേഷകനെത്തി. തെരുവിൽ നാറുന്ന വേഷവുമായി നടന്നവനോട് ക്രിസ്തുസ്നേഹം പ്രവർത്തിയിലൂടെ കാട്ടുന്ന ആ സുവിശേഷകന്റെ സ്നേഹം ലോറൻസിനെ ക്രിസ്തുവിനോടടുപ്പിച്ചു. തകർന്ന ജീവിതം പതിയെ പച്ച പിടിച്ചു. തെരുവിൽ നിന്നും ചെറിയ ഒരു മുറിയിലേക്കു താമസം മാറ്റിയ ലോറൻസ് പതിയെ നടക്കുകയായിരുന്നു. നഷ്ടപ്പെട്ടുവെന്ന് കരുതിയ ജീവിതത്തിന്റെ പടവുകളിലേക്ക്. ഒടുവിൽ സ്വന്തനാട്ടിൽ മാതാവിന്റെ അടുക്കലേക്ക് ലോറൻസിനെത്തുവാനും ഈ സുവിശേഷകൻ മുഖാന്തിരമായി.

ബ്ലെയ്ക്ക് എന്ന വെള്ളക്കാരനായ യുവാവ്, ദൈവവചനത്തിനും ക്രിസ്തീയ മൂല്യങ്ങൾക്കും വില കൊടുക്കുന്ന ഭവനത്തിൽ ജനിച്ചുവളർന്നു. പിതാമഹൻ പാസ്റ്ററും പിതാവ് അസ്സോസിയേറ്റ് പാസ്റ്ററുമായിരുന്നു. സഭയിലെ ആരാധനയിൽ സജീവമായിരുന്ന ബ്ലെയ്ക്ക് സംഗീത ശുശ്രൂഷയ്ക്കും നേതൃത്വം കൊടുത്തു. ക്രിസ്തീയ ശിക്ഷണത്തിൽ വളർത്തപ്പെട്ട ബ്ലെയ്ക്കിന്റെ ജീവിതം വഴിത്തിരിവിലെത്തിയത് തന്റെ കോളജ് പഠനകാലത്താണ്. മാതാപിതാക്കളെ വിട്ട് ഹോസ്റ്റലിലെത്തിയ ബ്ലെയ്ക്ക് ദുഷിച്ച കൂട്ടുകെട്ടിലകപ്പെട്ടു. മദ്യപാനം തുടങ്ങിയ ഈ യൗവനക്കാരൻ മദ്യം വാറ്റിക്കുടിക്കുകയും മയക്കു മരുന്നിനടിമയാകുകയും ചെയ്തു. ആകെ തകർന്ന ജീവിതം കടൽത്തിരയിലകപ്പെട്ട നൗകപോലെ ആടിയുലഞ്ഞു. മയക്കുമരുന്ന് തന്നെ ജയിലിലെത്തിച്ചു. വീട്ടുകാർക്ക് തല വേദനയായി മാറിയ ബ്ലെയ്ക്ക് ഒടുവിൽ ജയിൽ മോചിതനായി തെരുവിലെത്തി. തലചായ്ക്കാനിടമില്ലാതെയും ഒരു നേരത്തെ ആഹാരത്തിനായി വകയില്ലാതെയും അലഞ്ഞ ബ്ലെയ്ക്കിനെ തേടി ആ സന്ദേശം എത്തി. തകർന്നവനെ പണിയുന്ന ക്രിസ്തുസ്നേഹത്തിന്റെ സന്ദേശം. സുബോധം വന്ന ബ്ലെയ്ക്ക് ക്രിസ്തുസ്നേഹത്തിലേക്ക് മടങ്ങിവന്നു. ഇന്നു തെരുവിൽ മയക്കുമരുന്നിനടിമകളായവരോട് ക്രിസ്തുസ്നേഹത്തെക്കുറിച്ച് പറയുന്നു.



ക്രിമിനൽ പശ്ചാത്തലത്തിൽ ധാർമ്മികത ലവലേശം പോലുമില്ലാതെ മയക്കുമരുന്നും വേശ്യാവൃത്തിയും ഉള്ള കുടുംബത്തിൽ ജനിച്ച് മയക്കുമരുന്നിനടിമകളായി ജയിലിലും തെരുവിലും ജീവിച്ചവസാനിക്കുന്ന വലിയ ഒരു കൂട്ടമുണ്ടിവിടെ. അമേരിക്കയിലെ ജീവിതസൗഭാഗ്യത്തിന്റെ പൊൻവെളിച്ചമവിടില്ല. കൊടുംവെയിലും മഞ്ഞും എല്ലാം മാറിമാറി വരുമ്പോൾ ശീതികരിച്ചതും ചൂടുള്ളതുമായ മുറികളും തീൻമേശയിലെ വിഭവസമൃദ്ധിയുമിവർക്കില്ല. ലക്ഷ്യമില്ലാത്ത ജീവിതം. വെള്ളി വെളിച്ചത്തിൽ ജീവിക്കുന്ന പലർക്കും കേട്ടുകേൾവി പോലുമില്ലാത്ത മറ്റൊരു ലോകം. കുളിക്കാതെയും വൃത്തിയുള്ള വസ്ത്രം ധരിക്കാതെയും നാറുന്ന ശരീരവുമായി അടുക്കുവാൻ ആരും അറയ്ക്കുന്ന ഇവരുടെ അടുക്കലേക്ക് വരുവാൻ മലയാളി വിശ്വാസികളോ സഭകളോ താൽപ്പര്യപ്പെടാറില്ല. ഇവിടെയാണ് പാസ്റ്റർ സന്തോഷ് പൊടിമല വ്യത്യസ്തനാകുന്നത്. ക്രിസ്തീയ ശുശ്രൂഷ പ്രസംഗപീഠത്തിലല്ല എന്നു വിശ്വസിക്കുന്ന സുവിശേഷകൻ. പാപികളെ തേടി തെരുക്കോണുകളിൽ എത്തിയ ക്രിസ്തുവിന്റെ പാതയിലൂടെ പോകുവാൻ ആഗ്രഹിക്കുകയാണ് ഈ യുവ സുവിശേഷകൻ.

പെന്തെക്കോസ്തിലെ നാലാം തലമുറക്കാരനായ സന്തോഷ്, പൊടിമല മത്തായിച്ചന്റെ കൊച്ചുമകൻ പാസ്റ്റർ ബെഞ്ചമിൻ തോമസിന്റെ മകനാണ്. മാതാവ് പൊന്നമ്മ കുമ്പനാട് ചെള്ളേത്ത് കുടുംബാംഗം. 1987ൽ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. ഡെറാഡൂണിൽ വേദപഠനം നടത്തിയ സന്തോഷ് ഉത്തരഭാരതത്തിലെ ഗ്രാമങ്ങളിൽ സുവിശേഷകനായി. ടീമുകളോടൊപ്പവും തനിയെയും സാധാരണക്കാരിൽ സുവിശേഷമെത്തിക്കുക എന്ന ദൗത്യം നിർവ്വഹിച്ച പാസ്റ്റർ സന്തോഷ് ഡൂൺ ബൈബിൾ സ്കൂളിന്റെ വാർഡനായും പ്രവർത്തിച്ചു. 1995-ൽ പിതാവ് അമേരിക്കയിലേക്കു പോന്നപ്പോൾ അട്ടപ്പാടി സെന്ററിന്റെ ചുമതലയും കുറച്ചുനാൾ വഹിച്ചു. 1996-ൽ തിരുവല്ല വളഞ്ഞവട്ടം പെരുവിഞ്ചൽ കുടുംബാംഗമായ സൂസനെ വിവാഹം കഴിച്ചു. 1997-ൽ ഒക്കലഹോമ ഐ. പി. സി. സഭയുടെ യൂത്ത് പാസ്റ്ററായി അമേരിക്കയിലെത്തി. 8 വർഷം ആ ചുമതലയിൽ തുടർന്ന പാസ്റ്റർ സന്തോഷ് തുടർന്ന് 5 വർഷങ്ങൾ ഡാളസ് ഫെയ്ത്ത് ടാബർനാക്കിൾ ചർച്ച് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്ററായി പ്രവർത്തിച്ചു. ദൈവാത്മ നിയോഗത്തെതുടർന്ന് 2011-ൽ വിവിധ ഭാഷക്കാരെയും രാജ്യക്കാരെയും ലക്ഷ്യമാക്കി പുതിയ പ്രവർത്തനം ആരംഭിച്ചു. ബെയ്ലർ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ ചാപ്ലയിൻ എന്ന മാന്യമായ ജോലി ചെയ്യുന്ന പാസ്റ്റർ സന്തോഷിന്റെ ഹൃദയം തെരുവിൽ നശിക്കുന്ന ഭവനരഹിതരായ ആളുകൾക്കായി തുടിച്ചു കൊണ്ടിരുന്നു. ഒടുവിൽ തന്റെ വാനുമായി തെരുവിലെത്തി. തന്റെ വാക്കുകൾ ശ്രദ്ധിച്ചവരെ കൂട്ടിക്കൊണ്ടു വന്ന് കുളിപ്പിച്ച് വൃത്തിയുള്ള വസ്ത്രവും ഭക്ഷണവും നൽകി, ഒപ്പം സുവിശേഷവും. ഭാര്യ സൂസനും മക്കളായ സ്നേഹയും ശേത്തും ഒപ്പംകൂടി. അവർക്കായി പാടി, ഭക്ഷണം നൽകി. ഇവിടെ ഒരു ശുശ്രൂഷ ആരംഭിക്കുകയായിരുന്നു. സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഇന്ത്യൻ മിനിസ്ട്രീസ് എന്ന നല്ല ശമര്യക്കാരന്റെ ശുശ്രൂഷ. തെരുവിൽ മുറിവേറ്റവനെ താങ്ങിയെഴുന്നേൽപ്പിച്ച് രക്ഷയ്ക്ക് വേണ്ടത് നൽകി സുരക്ഷിത സ്ഥലത്തെത്തിക്കുന്ന ശുശ്രൂഷ. വെടിയുണ്ടകൾ കണക്കുതീർക്കുന്നിടമാണ് ഇത്തരം തെരുവുകൾ. മയക്കുമരുന്നും വേശ്യാവൃത്തിയുമാണ് മുഖമുദ്ര. കുളിക്കാതെയും നനയ്ക്കാതെയും തെരുവിലുറങ്ങുന്നവരുടെ അടുക്കൽ എത്തുവാൻ നമ്മുടെ ആളുകൾക്ക് മടിയാണ്. അവിടേക്കാണ് സന്തോഷ് പാസ്റ്റർ എത്തുന്നത്. എല്ലാ വ്യാഴാഴ്ചയും ഹോംലസ്സ് ആളുകൾക്കായി നടത്തുന്ന കൂടിവരവുകളിൽ ശരാശരി 60 ആളുകൾ എത്താറുണ്ട്. രക്ഷിക്കപ്പെടുന്നവരെയും താല്പ്പര്യം പ്രകടിപ്പിക്കുന്നവരെയും മെൻ ഓഫ് നെഹമ്യാ എന്ന സംഘടനയുടെ ക്ലാസിലേക്കും ഷെൽറ്ററിലേക്കും എത്തിക്കുന്നു. ആത്മീയ ജീവിതം തുടങ്ങുന്ന ഇവരിൽ മാറ്റം പ്രകടമാകുന്നു. ജീവിതം കരുപ്പിടിപ്പിക്കുവാൻ ചിലരെയെങ്കിലും ഇവർക്ക് സഹായിക്കാനാകുന്നുണ്ട്. സ്വന്തപണവും മറ്റുള്ളവർ നൽകുന്ന സഹായവും ഇവർക്ക് ആഹാരവും മറ്റു ആവശ്യങ്ങളും നിർവ്വഹിപ്പാനുമായി ചെലവഴിക്കുന്നു. ഒരു വർഷത്തിൽ മൂന്നോ, നാലോ തവണ നടത്തുന്ന സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഔട്ട്റീച്ചിലൂടെ നൂറുകണക്കിനാളുകളെ ഒന്നിച്ചു കൂട്ടി ഭക്ഷണം നൽകുകയും സുവിശേഷം പങ്കിടുകയും ചെയ്യുന്നു. ആദ്യഭാഗത്ത് സൂചിപ്പിച്ച സോളമനും ബ്ലെയ്ക്കുമെല്ലാം സന്തോഷ് പൊടിമല എന്ന സുവിശേഷകന്റെ കരം പിടിച്ച് ജീവിതത്തിലേക്കു മടങ്ങി വന്നവരാണ്. സന്തോഷ് പാസ്റ്ററിലൂടെ അവർ അറിഞ്ഞത് ക്രിസ്തുവിനെയാണ്.



വ്യത്യസ്തമായ ഈ ശുശ്രൂഷയെ ഉൾക്കൊള്ളുവാനും അംഗീകരിപ്പാനും കംഫർട്ട് സോണിൽ മാത്രം ഇരിക്കാനാഗ്രഹിക്കുന്ന മലയാളികൾക്കു ബുദ്ധിമുട്ടുള്ളപ്പോഴും ധാരാളം യുവജനങ്ങൾ ഈ പ്രവർത്തനത്തെ സഹായിപ്പാൻ മുമ്പോട്ടു വരുന്നത് ശുഭോദർക്കമാണ്. അമേരിക്കയിലെ തെരുവോരങ്ങളിൽ മാത്രമല്ല ഭാരതത്തിലും ഫിലിപ്പൈൻസിലും ഈ ശുശ്രൂഷ വ്യാപിച്ചിരിക്കുന്നു. ഇൻഡ്യയിൽ പഞ്ചാബ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഇൻഡ്യാ ക്രിസ്ത്യൻ അസംബ്ലി ഇന്നു വളർച്ചയുടെ പാതയിലാണ്. നൂറുകണക്കിനാളുകൾ രക്ഷകനെ അറിയുന്നു. തെരുവിൽ നിന്നുള്ള കുഞ്ഞുങ്ങൾക്കായി ഓർഫനേജുകൾ, ബൈബിൾ ട്രെയിനിംഗ് സെന്റർ, തയ്യൽ സ്കൂൾ, ആരാധന ഇവയെല്ലാം ഇതിന്റെ ഭാഗമായി നടക്കുന്നു. ഫിലിപ്പൈൻസിലും ആരുമില്ലാത്തവരും പാവപ്പെട്ടവരുമായ കുട്ടികളുടെ ക്ഷേമത്തിനായി സന്തോഷ് പൊടിമലയുടെ നേതൃത്വത്തിലുള്ള സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഇന്ത്യൻ മിനിസ്ട്രീസിനു സാധ്യമാകുന്നു.

അമേരിക്കയിലെ സുഖസൗകര്യങ്ങളിൽ ഒതുങ്ങി ആഡംബരജീവിതം നയിക്കുവാൻ സാഹചര്യം ഉണ്ടായിട്ടും തെരുവിൽ അലയുന്നവരെ തേടി സുവിശേഷവുമായി എത്തുന്ന പാസ്റ്റർ സന്തോഷ് പൊടിമലയെ നമ്മുടെ സമൂഹം പ്രോത്സാഹിപ്പിക്കണം. അദ്ദേഹത്തിന്റെ പ്രവർത്തനത്തിനായി പ്രാർത്ഥിക്കുവാനും സഹായത്തിന്റെ കരം നീട്ടുവാനും നമുക്കു കഴിയേണം. ഈ പ്രവർത്തനത്തിൽ പങ്കാളിയാകുവാനും സഹകരിക്കുവാനും ആഗ്രഹിക്കുന്നവർക്ക് ഈ പ്രവർത്തനങ്ങൾ നേരിട്ട് കാണുവാനും അവസരമുണ്ട്. തെരുവിൽ നിന്ന് രക്ഷിക്കപ്പെടുന്നവരെ ഞായറാഴ്ച രാവിലെ വാനുമായി ചെന്ന് കൂട്ടിക്കൊണ്ടുവന്ന് ഒന്നിച്ചാരാധിക്കുന്നതിൽ സന്തോഷിക്കുകയാണ് ഈ സുവിശേഷകൻ. ഒരു വ്യക്തിയെ ക്രിസ്തുവിനായി നേടുവാൻ കഴിഞ്ഞതിലുള്ള സന്തോഷം. അമേരിക്കയിലായാലും ഇന്ത്യയിലായാലും അത് കറുമ്പനോ വെള്ളക്കാരനോ ഭാരതീയനോ ആയാലും ആത്മാവിന്റെ വില ഒന്നാണല്ലോ.

FOR MORE DETAILS

SCARED HANDS OF HOPE INDIAN MINISTRIES
5013 LACEY CIR,
SACHSE TEXAS, 75048
PH: 214 929 3370

www.sacredhandsofhope.org സന്ദർശിക്കുക.
Email: sacredhandsofhope@gmail.com


THE INDIA PENTECOSTAL CHURCH OF GOD
ATLANTA
ATLANTA IPC
545 Rock Springs Road
Lawrenceville, GA 40043
Rev. Dr. Cherian C. Daniel
Schedule of Service
SUNDAY WORSHIP
9:00 am to 11:00am
SUNDAY SCHOOL
8:30 am to 9:00am
SATURDAY
Bible study 7:30 pm
LAST SATURDAY
PYPA 7:30 pm to 9:00 pm
FASTING PRAYER
Friday 10:30 am to 12:00 pm
FIRST SATURDAY
Ladies meeting 10:30am to 12:00pm
Come Worship With us
Pastor Dr. Cherian C Daniel
470-907-9051
ABRAHAM THOMAS
Secretary
RAJAN ARIYAPALLIL
Treasurer

# ഐപിസി കോൺഫറൻസ് 2024-ൽ ബോസ്റ്റണിൽ



*പാസ്റ്റർ ഡോ. തോമസ് ഇടിക്കുള, വെസ്ലി മാത്യു, ബേബൻ തോമസ്, ഡോ. മിനു മാത്യു ജോർജ് രേഷ്മ ഷിബു തോമസ്*

**ന്യൂയോർക്ക്:** ഐപിസി ഫാമിലി കോൺഫറൻസ് 2024 ഓഗസ്റ്റ് 8 മുതൽ 11 വരെ ബോസ്റ്റണിൽ നടക്കും. കോൺഫറൻസ് ഭാരവാഹികളായ പാസ്റ്റർ ഡോ. തോമസ് ഇടിക്കുള (നാഷണൽ കൺവീനർ), വെസ്ലി മാത്യു (നാഷണൽ സെക്രട്ടറി), ബേബൻ തോമസ് (നാഷണൽ ട്രഷറർ), ഡോ. മിനു മാത്യു ജോർജ്ജ് (നാഷണൽ യൂത്ത് കോർഡിനേറ്റർ), രേഷ്മ ഷിബു തോമസ് (നാഷണൽ ലേഡീസ് കോഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ നടക്കുന്നു.

# ഡോ. മിനു മാത്യു ജോർജ് ഐപിസി ഫാമിലി കോൺഫറൻസ് നാഷണൽ യൂത്ത് കോർഡിനേറ്റർ

**ബോസ്റ്റൺ:** 2024 ഓഗസ്റ്റിൽ ബോസ്റ്റണിൽ വെച്ച് നടത്തപ്പെടുന്ന ഐപിസി ഫാമിലി കോൺഫറൻസിന്റെ നാഷണൽ യൂത്ത് കോർഡിനേറ്ററായി ഡോ. മിനു ജോർജിനെ എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിച്ചു. ന്യൂയോർക്ക് ബ്രോങ്ക്സ് ഹൈസ്കൂൾ ഓഫ് സയൻസ്, ന്യൂയോർക്ക് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിന് ശേഷം ന്യൂയോർക്ക് അപ്സ്റ്റേറ്റ് മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഗ്രാജുവേറ്റ് ചെയ്തു. ബ്രോങ്ക്സ് ഫുൾ ഗോസ്പൽ അസംബ്ലിയിലെ യൂത്ത് ഡയറക്ടറായും, യൂത്ത് സെക്രട്ടറിയായും സേവനമനുഷ്ഠിക്കുകയും സീനിയർ പാസ്റ്ററായിരുന്ന ജി. ജി വർഗീസിന്റെ പരിഭാഷകനായി പരിശീലനം ലഭിക്കുകയും ചെയ്തു. ന്യൂയോർക്ക് സിറ്റിയിലെ PYFA യുടെ യൂത്ത് കോർഡിനേറ്ററായിരുന്നു.



ഒക്കലഹോമയിലെ പ്രമുഖ പീഡിയാട്രിക് എൻഡോക്രൈനോളജിസ്റ്റും ഡയബറ്റിസ് സ്പെഷ്യലിസ്റ്റുമായ ഡോ. ജോർജ്ജ്, യൂണിവേഴ്സിറ്റി ഓഫ് ഒക്കലഹോമ കോളേജ് ഓഫ് മെഡിസിൻ അസോസിയേറ്റ് പ്രൊഫസറായും പ്രവർത്തിക്കുന്നു. ഒക്കഹോമ ഐപിസി ഹെബ്രോണിലെ സജീവ അംഗമാണ്. യൂത്ത് ഡയറക്ടറായും സൺഡേ സ്കൂൾ ഡയറക്ടറായും സേവനമനുഷ്ഠിച്ചിരുന്നു. സീനിയർ പാസ്റ്ററായ ഷിബു തോമസിന്റെ മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കുള്ള പ്രസംഗങ്ങളുടെ വിവർത്തകൻ കൂടിയാണ് ഇദ്ദേഹം.

ഭാര്യ: ഷാരോൺ ജോർജ്. മക്കൾ: ജാരെഡ്, ലൂക്ക് ജോർജ്ജ്.

പാസ്റ്റർ ഡോ. തോമസ് ഇടിക്കുള (ചെയർമാൻ); വെസ്ലി മാത്യു (സെക്രട്ടറി), ബേവൻ തോമസ് (ട്രഷറർ), മിനു ജോർജ് (യൂത്ത് കോർഡിനേറ്റർ), ഡോ. സിസ്റ്റർ രേഷ്മ തോമസ് (ലേഡീസ് കോർഡിനേറ്റർ) എന്നിവരാണ് ഐപിസി ഫാമിലി കോൺഫറൻസ് ദേശീയ ഭാരവാഹികൾ.

## 01 ↩ എ.ജി സിൽവർ ജൂബിലി...

എ.ജി. സീനിയർ ശുശ്രൂഷകന്മാരും സമ്മേളനത്തിൽ പ്രസംഗിക്കും. സെക്രട്ടറി ഫിലിപ്പ് ദാനിയേൽ, ജോ. കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ, ജോ. സെക്രട്ടറി ലിജി കുര്യൻ, ട്രഷറർ സൈമൺ കെ. സൈമൺ, വനിതാ വിഭാഗം കൺവീനർ സിസ്റ്റർ സൂസൻ ജേക്കബ്, ഇംഗ്ലീഷ് വിഭാഗം കൺവീനർ ലെബി ചെറിയാൻ എന്നിവർ നേതൃത്വം നൽകുന്നു. കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു.

## 01 ↩ പിസിഎൻഎകെ കോൺഫറൻസ്...

കോൺഫറൻസ് ജൂൺ 29 മുതൽ ജൂലൈ 2 വരെ ലങ്കാസ്റ്റർ കൗണ്ടി കൺവൻഷൻ സെന്ററിൽ വെച്ചാണ് നടക്കുന്നത്. "എന്നിൽ വസിപ്പിൻ" (യോഹന്നാൻ 15:4) എന്നുള്ളതാണ് കോൺഫറൻസിന്റെ ചിന്താവിഷയം.

നാലു പതിറ്റാണ്ട് കാലത്തെ പി സി ൻ കെ ചരിത്രത്തിലെ ജനപങ്കാളിത്വം കൊണ്ടും ആത്മീയ അനുഗ്രഹം കൊണ്ടും ശ്രദ്ധേയമായ കോൺഫറൻസായിരുന്നു 2003-ൽ പെൻസിൽവേനിയായിൽ നടന്നത്. കത്തോലിക്ക സഭയുടെ കടന്നുകയറ്റത്തിൽ തങ്ങളുടെ ഉപദേശ തനിമയും ജീവിതചര്യയും കാത്തു സൂക്ഷിക്കാൻ യൂറോപ്പിൽ നിന്ന് കുടിയേറിയവരുടെ പിൻതലമുറക്കാരായ ആമിഷ് ജനത അധിവസിക്കുന്ന ലങ്കാസ്റ്റർ കൗണ്ടിയിൽ നടക്കുന്ന കോൺഫറൻസിന് പ്രാർത്ഥനാപൂർവം മികച്ച ക്രമീകരണങ്ങളാണ് സംഘാടക സമിതി ചെയ്തുവരുന്നത്.

കുട്ടികൾക്കായുള്ള പ്രത്യേക പ്രോഗ്രാമുകൾ, സ്പോർട്സ് മത്സരങ്ങൾ, സിമ്പോസിയം, മിഷൻ ചലഞ്ച്, സെമിനാറുകൾ, യുവജനസമ്മേളനം, സഹോദരി സമ്മേളനം, ഹെൽത്ത് സെമിനാർ, പൊതുയോഗം, ഉണർവ് യോഗം തുടങ്ങി പ്രത്യേക സെക്ഷനുകൾ ഈ നാലു ദിനങ്ങളിൽ നടത്തപ്പെടും.

ഫിലഡൽഫിയ, ഹാരിസ്ബർഗ് വിമാനത്താവളങ്ങളിൽ നിന്ന് വാഹന ഗതാഗത സൗകര്യങ്ങൾ ക്രമീകരണം ചെയ്തിട്ടുണ്ട്. ഫിലഡൽഫിയയിൽ നിന്നുള്ള ദൂരം ഏകദേശം രണ്ട് മണിക്കൂറും ഹാരിസ്ബർഗ് വിമാനത്താവളത്തിൽ നിന്ന് മുപ്പത് മിനിറ്റുമാണ്. വാഹന ഗതാഗത സൗകര്യം ആവശ്യമുള്ളവർ നിങ്ങളുടെ എത്തിച്ചേരൽ, മടക്ക സമയങ്ങൾ മുൻകൂട്ടി അറിയിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 267-434-2006 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

മുഖ്യ പ്രസംഗകരായ റവ. സാമുവൽ റോഡ്രിഗസ്, റവ. ജോഷ് ഹേറിംഗ്, റവ. എറിക്ക് പീട്രി, റവ. സാം മാത്യു, റവ. കെ.ജെ. തോമസ് കൂടാതെ ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിവിധ രാജ്യങ്ങളിൽ നിന്നുമായി എത്തിചേരുന്ന കർത്തൃ ശുശ്രൂഷകന്മാരും വിവിധ സെഷനുകളിൽ ദൈവവചനം പ്രസംഗിക്കും.

പി.സി.എൻ.എ.കെ 2023 ദേശീയ ഭാരവാഹികളായ പാസ്റ്റർ റോബി മാത്യു (കൺവീനർ), ബ്രദർ സാമുവേൽ യോഹന്നാൻ (സെക്രട്ടറി), ബ്രദർ വിൽസൻ തരകൻ (ട്രഷറർ), ബ്രദർ ഫിന്നി ഫിലിപ്പ് (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ സോഫി വർഗീസ് (ലേഡീസ് കോർഡിനേറ്റർ), രാജൻ ആര്യപ്പള്ളി (മീഡിയാ കോർഡിനേറ്റർ) എന്നിവരോടൊപ്പം നിലവിലുള്ള നാഷണൽ, ലോക്കൽ കമ്മിറ്റികൾ 2023 ലെ കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചു വരുന്നു.

# ശാരോൻ കോൺഫറൻസ്

## ജൂലൈ 27 മുതൽ 30 വരെ



*റവ. ഡോക്ടർ മാത്യു വർഗീസ്, റവ. ഫിന്നി വർഗീസ്, റവ. തേജസ് തോമസ്, ബ്രദർ ജോൺസൺ ഉമ്മൻ*

**ഒക്കലഹോമ:** നോർത്ത് അമേരിക്കൻ ശാരോൻ ഫാമിലി കോൺഫറൻസ് ഒക്കലഹോമായിൽ 2023 ജൂലൈ 27 മുതൽ 30 വരെ നടക്കും. 'മടങ്ങിവരവും പ്രത്യാശയും' എന്നതാണ് കോൺഫറൻസ് ചിന്താവിഷയം. റവ. ഡോ. മാത്യു വർഗീസ് (നാഷണൽ കൺവീനർ), റവ. ഫിന്നി വർഗീസ് (ജോയിന്റ് കൺവീനർ), റവ. തേജസ്തോമസ് (നാഷണൽ സെക്രട്ടറി), സിസ്റ്റർ എലീസ് ഡാനിയേൽ (ജോയിന്റ് സെക്രട്ടറി), റവ. ബാബു തോമസ് (അഡൈ്വസറി ചെയർമാൻ), ബ്രദർ ജോൺസൺ ഉമ്മൻ (നാഷണൽ ട്രഷറർ), ലിജോ ജോർജ് (നാഷണൽ യൂത്ത് കോർഡിനേറ്റർ), ജക്കോബി ഉമ്മൻ (മീഡിയ കൺവീനർ), സിസ്റ്റർ മിനി തര്യൻ (നാഷണൽ ലേഡീസ് കോഡിനേറ്റർ) എന്നിവർ കോൺഫറൻസിന്റെ ചുമതലക്കാരായി പ്രവർത്തിക്കുന്നു.

# കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡ് പ്രഖ്യാപിച്ചു



**യു.എസ്.എ:** നോർത്ത് അമേരിക്കയിലും കാനഡയിലുമുള്ള മലയാളി പെന്തക്കോസ്ത് സഭാംഗങ്ങളായ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുവാൻ, കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്ക നാഷണൽ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ക്രൈസ്തവ സാഹിത്യ രചന മത്സരത്തിൽ വിജയികളായവരെ പ്രഖ്യാപിച്ചു.

ഫിലാഡൽഫിയയിൽ നിന്നുമുള്ള ജേക്കബ് മാത്യു എഴുതിയ 'നിത്യതക്കായുള്ള നിക്ഷേപം' മലയാളം ലേഖന വിഭാഗത്തിലും, ന്യൂയോർക്കിൽ നിന്നുമുള്ള സിസ്റ്റർ തങ്കം സാമുവേൽ രചിച്ച 'അമ്മയാം ത്യാഗി മലയാളം കവിത വിഭാഗത്തിലും 2023ലെ കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം പുരസ്കാരത്തിനു അർഹത നേടി. പുസ്തകവിഭാഗത്തിൽ, റവ. മനു ഫിലിപ്പ്, ഫ്ളോറിഡാ രചിച്ച 'Mysterious Ocean Walkers'എന്ന ഇംഗ്ലീഷ് ഗ്രന്ഥവും, പി. എസ്. ഫിലിപ്പ്, ഹ്യൂസ്റ്റൺ എഴുതിയ 'സിക്ലാഗിൽ സഭ കൂടിയപ്പോൾ' എന്ന മലയാളം ഗ്രന്ഥവും പുരസ്കാരങ്ങൾക്കു അർഹത നേടി. അവാർഡ് ജേതാക്കളെ ജൂൺ 29 മുതൽ ജൂലൈ 2 വരെ പെൻസിൽവേനിയയിലുള്ള ലാങ്കാസ്റ്റർ കൺവൻഷൻ സെന്ററിൽ വെച്ച് നടത്തപ്പെടുന്ന കേരള പെന്തക്കോസ്ത് കോൺഫറൻസിലെ ചടങ്ങിൽ വച്ചു ഫലകവും പ്രശംസാപത്രവും ഉൾപ്പെടുന്ന പുരസ്കാരം നൽകി ആദരിക്കും. റൈറ്റേഴ്സ് ഫോറം സമ്മേളനത്തിനോടനുബന്ധിച്ച് മാധ്യമ ശില്പശാല ഉണ്ടായിരിക്കും.

പാസ്റ്റർ തോമസ് എം. കിടങ്ങാലിൽ പ്രസിഡന്റ്, റവ. ഡോക്ടർ ഷിബു സാമുവേൽ വൈസ് പ്രസിഡന്റ്, ഡോക്ടർ സാം കണ്ണമ്പള്ളി ജനറൽ സെക്രട്ടറി, ബ്രദർ വിൽസൺ തരകൻ ജോ. സെക്രട്ടറി, പാസ്റ്റർ മനു ഫിലിപ്പ് ട്രഷറർ, സിസ്റ്റർ ഏലിയാമ്മ വടകോട്ട് ലേഡീസ് കോർഡിനേറ്റർ എന്നിവരാണ് കെ.പി. ഡബ്ള്യു. എഫ് ദേശീയ ഭാരവാഹികൾ.

# ഐപിഎഫ്എ കോൺഫറൻസ് സമാപിച്ചു



**ന്യൂയോർക്ക്:** അമേരിക്കയിലെ സ്വതന്ത്ര പെന്തെക്കോസ്ത് സഭകളുടെ 27-ാമത് നാഷണൽ കോൺഫറൻസ് സ്റ്റാറ്റൻ ഐലന്റിലുള്ള ന്യൂയോർക്ക് പെന്തെക്കോസ്തൽ അസംബ്ലിയിൽ സമാപിച്ചു. പാസ്റ്റർ ജേക്കബ് മാത്യു മുഖ്യപ്രഭാഷണം നടത്തി.

സംയുക്ത ആരാധനയിൽ പാസ്റ്റർ ഡോ. ജോയ് പി ഉമ്മൻ തിരുവത്താഴ ശുശ്രൂഷക്ക് നേതൃത്വം നൽകി. പാസ്റ്റർ തോമസ് എബ്രഹാം അധ്യക്ഷത വഹിച്ചു.


പാസ്റ്റർ മാത്യു ശാമുവേൽ (പ്രസിഡന്റ്), പാസ്റ്റർ രാജൻ കുഞ്ഞ് (വൈസ് പ്രസിഡന്റ്), ജേക്കബ് കുര്യൻ (സെക്രട്ടറി), ജേക്കബ് സഖറിയ (ട്രഷറാർ), ബ്ലെസ്സൻ മാത്യു (യൂത്ത് കോർഡിനേറ്റർ), മേരി മാത്യു (ലേഡീസ് കോർഡിനേറ്റർ) എന്നിവർ നേതൃത്വം നൽകി.

# മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയുടെ 54-ാമത് അക്കാദമിക്ക് ഇയർ ഉദ്ഘാടനം ചെയ്തു

**അടൂർ:** സെനറ്റ് ഓഫ് സെറാംപൂർ അംഗീകാരം ലഭിച്ച കേരളത്തിലെ ആദ്യ പെന്തക്കോസ്തു സെമിനാരിയായ മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയുടെ 54-ാമത് അക്കാദമിക് ഇയർ ഉദ്ഘാടനം ജൂൺ 14-ന് സെമിനാരി ചാപ്പലിൽ നടന്നു. ഐപിസി കോട്ടയം തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പൽ ഡോ. എബി പീറ്റർ മുഖ്യാതിഥിയായിരുന്നു. ഡോ. ആനി ജോർജ് എഫ് റ്റി എസ് പ്രിൻസിപ്പളായി സേവനം അനുഷ്ഠിക്കുന്നു.


# നിത്യതയിൽ

### പാസ്റ്റർ എൻ. എസ്. ജേക്കബ്



**വടക്കഞ്ചേരി:** വടക്കഞ്ചേരി വാൽകുളമ്പ് പ്രദേശങ്ങളിലെ ആദ്യകാല പെന്തെകോസ്തു കുടുംബാംഗമായ പനംകുറ്റി കല്ലറയ്ക്കൽ പാസ്റ്റർ എൻ. എസ്. ജേക്കബ് (62) നിത്യതയിൽ. സംസ്കാരം വാൽകുളമ്പ് സെമിത്തേരിയിൽ നടത്തി. 26 വർഷമായി ഐപിസി വടക്കഞ്ചേരി സെന്ററിൽ കർത്തൃവേലയിൽ ആയിരുന്നു. മാതാവ് സാറാമ്മ അമ്മച്ചി വാൽകുളമ്പ് ദേശത്തെ പ്രവർത്തനങ്ങൾക്ക് പാസ്റ്റർ ടി.പി. പൗലോസിന്റെ പിതാവ് പാസ്റ്റർ ടി.പി പോളിനോടൊപ്പം ത്യാഗപൂർണമായ സേവനം ചെയ്തിട്ടുണ്ട്. ഭാര്യ: ഡെയ്സി. മക്കൾ: സോഫി, സുബി. മരുമക്കൾ: ബേബി, ഡോളി.

### പാസ്റ്റർ പി.ജെ. മാത്യു




**ഒക്കലഹോമ:** ഐപിസി മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെയും ഐപിസി ജനറൽ കൗൺസിലംഗം പാസ്റ്റർ റോയി പൂവക്കാലയുടെയും സഹോദരൻ ആഞ്ഞിലിത്താനം പൂവക്കാല എബനേസർ വീട്ടിൽ പാസ്റ്റർ പി.ജെ. മാത്യു (ബാബുച്ചായൻ -84) ഒക്കലഹോമയിൽ നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ: പരേതയായ റെബക്ക. മക്കൾ: ബോബി & ഫെബി, ബെറ്റി & സാം പൊടി മണ്ണിൽ, ബേബ്സി & ജോസഫ് പാലമറ്റം. കവിയൂർ ഐ പി സി കണിയാമ്പാറ സഭാ സ്ഥാപകനും ശുശ്രൂഷകനായിരുന്നു.

### ബേബി ജോൺ




**പുനലൂർ:** നരിക്കൽ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗം കക്കാരുവിള, നിരപ്പിൽ വീട്ടിൽ ബേബി ജോൺ (72) നിത്യതയിൽ. സംസ്കാരം ഏ ജി സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ: ലീലാമ്മ ബേബി. മക്കൾ: അനജു ബേബി, അനീഷ് ബേബി, അനിത ബേബി. മരുമക്കൾ: മേബിൾ അനജു, ലിൻസി അനീഷ്.

### സ്കറിയ വർഗീസ്




**തൃശൂർ:** ദി പെന്തെക്കൊസ്ത് മിഷൻ തൃശ്ശൂർ സെന്റർ ആൽപ്പാറ സഭാംഗം കരിപ്പക്കുന്ന് ഇടപ്പാറ സ്കറിയ വർഗീസ് (71) നിത്യതയിൽ. സംസ്കാരം നടത്തി. ഭാര്യ.ശോശാമ്മ (സാലി) മുത്തകുന്നേൽ കുടുംബാംഗം. മകൻ: ഷൈൻ (ദുബായ്). മരുമകൾ: ടീന.

### എബ്രഹാം ജോർജ്



**കൊട്ടാരക്കര:** ഐപിസി കേരളാ സ്റ്റേറ്റ് മുൻ ജോയിന്റ് സെക്രട്ടറിയും ജനറൽ കൗൺസിൽ അംഗവുമായ ജി. കുഞ്ഞച്ചന്റെ പിതാവ് എബ്രഹാം ജോർജ് (95) നിത്യതയിൽ. സംസ്കാരം നടത്തി. കൊല്ലം വാളകം പ്രദേശങ്ങളിലെ ആദ്യ കാല പെന്തെകോസ്തു കുടുംബാംഗവും ഐപിസി വാളകം സഭയിലെ പ്രമുഖ വിശ്വാസിയുമായിരുന്നു. ഭാര്യ: പരേതയായ ചിന്നമ്മ ജോർജ്. മറ്റുമക്കൾ: തങ്കച്ചൻ, തോമസ്, ലില്ലിക്കുട്ടി, റോസമ്മ, അലക്സ്കുട്ടി. കേരള സ്റ്റേറ്റ് കൗൺസിൽ അംഗം റോബിന്റെ വല്യപ്പച്ചനാണ്.

### റ്റി. കെ. ജോർജ്



**കടമ്പനാട്:** കടമ്പനാട് ഐപിസി ഹെബ്രോൺ സഭാംഗം തെക്കേവീട്ടിൽ (ഗിരിവിലാസ്) റ്റി. കെ. ജോർജ് (74) നിത്യതയിൽ. പ്രമേഹരോഗബാധിതനായി ചികിത്സയിലായിരുന്നു. സംസ്കാരം നടത്തി. പാസ്റ്റർ ബെഞ്ചമിൻ വർഗീസിന്റെ സഹോദരനായ റ്റി. ജി. ചാലേബിന്റെ പുത്രനാണ്. ഭാര്യ: പരേതയായ ലില്ലിക്കുട്ടി ജോർജ്. മക്കൾ: പരേതനായ ബബി, ജെസ്സി സനോജ് (ദുബായ്). മരുമകൻ: സനോജ് (ദുബായ്).

### എൽ. കുഞ്ഞുകുഞ്ഞ്



**പുനലൂർ:** പ്രീമിയർ കാഷ്യു ഇൻഡസ്ട്രീസ് ഉടമ വിളക്കുടി, കുന്നിക്കോട് ബഥേൽ ബംഗ്ലാവിൽ എൽ. കുഞ്ഞുകുഞ്ഞ് (96) നിത്യതയിൽ. ചർച്ച് ഓഫ് ഗോഡ് ഇളമ്പൽ സഭാംഗമായിരുന്നു. ഭാര്യ: പരേതയായ മറിയാമ്മ. മക്കൾ:തങ്കച്ചൻ, ജോർജുകുട്ടി, ഓമന, ലീലാമ്മ, രാജു,ബാബു, ജിസ്സി, സജി. സംസ്കാരം ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ഇളമ്പൽ സെമിത്തേരിയിൽ നടത്തി.

### ഐപ്പ് ഉമ്മൻ



**പത്തനാപുരം:** ഐ. പി. സി. ശാലേം പുരം സഭാംഗം കരിമ്പാലൂർ കൊളക്കത്തിൽ ജിൻസ് കോട്ടേജിൽ ഐപ്പ് ഉമ്മൻ (ജോയിച്ചായൻ-77) നിത്യതയിൽ. സംസ്കാരം ചായലോട് സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ: സൂസമ്മ. മക്കൾ: ജിൻസി, ജിൻസൺ. മരുമക്കൾ: ഷിബു, ഗ്ലാഡിസ്.

### തോമസ് മാത്യു



**കാഞ്ഞിരപ്പുഴ:** ചർച്ച് ഓഫ് ഗോഡ് സഭാംഗം കണ്ണംപ്ലാവിൽ തോമസ് മാത്യു (89) നിത്യതയിൽ. റാന്നി ചേത്തക്കൽ സ്വദേശിയായ ഇദ്ദേഹം 60 വർഷം മുൻപ് പാലക്കാട് കാത്തിരപ്പുഴ ഗ്രാമത്തിലേക്ക് കുടിയേറിയതാണ്. ഭാര്യ: കുമ്പനാട് വാത്തിത്തറയിൽ പരേതയായ ഏലിയാമ്മ തോമസ്. മക്കൾ: ജോളി, സൂസി, സാലി. സാം മാത്യു, സണ്ണി മാത്യു, പാസ്റ്റർ സജി മാത്യു (ഐ.പി.സി. അങ്ങാടിപ്പുറം), സാബു മാത്യു. മരുമക്കൾ: പാസ്റ്റർ പി.എസ്. ജോയ്, സുവി. വി. പി. പ്രസന്നൻ, വത്സമ്മ, ഷൈല, സൗമിനി, ജിൻസി. സംസ്കാരം കാഞ്ഞിരപ്പുഴ ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി.

### അമ്മിണി വർഗീസ്



തേവേരി പുത്തൻപുരയ്ക്കൽ പരേതനായ വർഗീസ് ചാക്കോയുടെ സഹധർമ്മിണി അമ്മിണി വർഗീസ് (റാഹേലമ്മ-91) നിത്യതയിൽ. മാവേലിക്കര തയ്യിൽ കുടുംബാംഗമാണ്. സംസ്കാരം ആലംതുരുത്തി സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: രാജു, സാം, കുഞ്ഞുമോൻ, സൂസി, കുഞ്ഞുമോൾ, കുഞ്ഞമ്മ. മരുമക്കൾ: ലിസ്സി, ജയമോൾ, ഡെയ്സി, അച്ചൻകുഞ്ഞ്, സജി എബനേസർ, സജി.

### ഏലി ജോസഫ്



**തിരുവനന്തപുരം:** വെള്ളറട ആറാട്ട് കുഴി ചേന്നാട്ട് വീട്ടിൽ ഐപിസി ആറാട്ട്കുഴി സഭയുടെ ശുശ്രൂഷകനായ പാസ്റ്റർ സി. ജെ ജോസഫിന്റെ സഹധർമ്മിണി ഏലി ജോസഫ് (തങ്കമ്മ- 63) നിത്യതയിൽ. മലമുകൾ ഐപിസി സെമിത്തേരിയിൽ സംസ്കാരം നടത്തി. മക്കൾ: ദീപ(സിയോൻ ഗാർമെന്റ് - വണ്ണപ്പുറം), ദീപ്തി (ന്യൂസിലാന്റ്), ലുദിയ (സ്മിത ഹോസ്പിറ്റൽ തൊടുപുഴ). മരുമക്കൾ: ഷാജു (കെഎസ്ആർടിസി, പെരുമ്പാവൂർ), റിജോ (ന്യൂസിലാന്റ്), എബി (തൊടുപുഴ അക്കാഡമി, തൊടുപുഴ).

### മേരി മത്തായി



**ഉതിമൂട്:** കീക്കൊഴൂർ ശാരോൻ ഫെലോഷിപ്പ് ചർച്ച് സഭാംഗം കുളങ്ങര പരേതനായ മത്തായി തോമസിന്റെ ഭാര്യ മേരി മത്തായി (92) നിത്യതയിൽ. സംസ്കാരം കീക്കൊഴൂർ ശാരോൻ സഭാ സെമിത്തേരിയിൽ നടത്തി. കായംകുളം കാക്കനാട് പുളിമൂട്ടിൽ കുടുംബാംഗമാണ്. ബെംഗളൂരുവിൽ സേവാനഗർ പെനിയേൽ എ.ജി സഭാംഗമായിരുന്നു. മക്കൾ: കുഞ്ഞുമോൻ, ജോണി, തങ്കച്ചൻ, ജോസ്, മോളി, ജോളി, എൽസി. മരുമക്കൾ. എൽസി, ലിസി, റോസമ്മ, മോനച്ചൻ, പരേതയായ സാലി, ജോയി, സജി.

### അന്നകുട്ടി



**തൃശൂർ:** ആൽപ്പാറ ഐപിസി സഭാംഗം കൂട്ടാലിൽ പരേതനായ പൈലി ഭാര്യ അന്നകുട്ടി (95) നിത്യതയിൽ. സംസ്കാരം കരിപ്പക്കുന്ന് മാറാനാഥ സെമിത്തേരിയിൽ നടത്തി. മക്കൾ: ചിന്നമ്മ, മേരി, സണ്ണി, പരേതനായ ജോണി, ബെന്നി. മരുമക്കൾ: സേവ്യർ, പരേതനായ ജോസ്, ഷീല, സൂസി, ഷീബ.

### ഏലിക്കുട്ടി വർഗിസ്



**ചെങ്ങരൂർ:** ഐപിസി ചെങ്ങരൂർ പെനിയേൽ സഭാംഗം വില്ലങ്ങു പാറയ്ക്കൽ സുവി. വി.ജി. വർഗീസിന്റെ ഭാര്യ ഏലിക്കുട്ടി വർഗിസ് (65) നിത്യതയിൽ. സംസ്കാരം ചെങ്കൽ സെമിത്തേരിയിൽ നടത്തി. മക്കൾ: സിനി, സാം വർഗീസ്. മരുമകൻ: ബെൻസൺ.


## മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തണം: നാഷണൽ ക്രിസ്ത്യൻ മൂവ്മെന്റ് ഫോർ ജസ്റ്റിസ്




**ആലപ്പുഴ:** മണിപ്പൂർ സർക്കാരിനെ പിരിച്ചു വിട്ട് രാഷ്ട്രപതി ഭരണം ഏർപ്പെടുത്തണമെന്നും കലാപത്തിൽ കൊല്ലപ്പെടുകയും പരിക്കേൽക്കുകയും ചെയ്ത ഇരകൾക്ക് നീതി ലഭിക്കണമെന്നും നാഷനൽ ക്രിസ്ത്യൻ മൂവ്മെന്റ് ഫോർ ജസ്റ്റിസിന്റെ നേതൃത്വത്തിൽ നടന്ന ഐക്യദാർഢ്യ പ്രാർത്ഥനാ സമ്മേളനം ആവശ്യപ്പെട്ടു. പ്രസിഡന്റ് ഡോ. പ്രകാശ് പി തോമസ് ഉത്ഘാടനം നിർവ്വഹിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ ജെയ്സ് പാണ്ടനാട് അധ്യക്ഷത വഹിച്ചു. റൈറ്റ് റവ: ബിഷപ്പ് ഡോ. സെൽവദാസ് പ്രമോദ്, റവ.ബിഷപ്പ് ഡോ ജോർജ് ഈപ്പൻ, റൈറ്റ് റവ. ഡോ ഓസ്റ്റിൻ എം എ പോൾ, മേജർ വി കെ ജോസ്, റവ. പി കെ യേശുദാസ്, പാസ്റ്റർ ജേക്കബ് കുര്യൻ, ഫാദർ ബെന്യാമിൻ ശങ്കരത്തിൽ, പാസ്റ്റർ ജോൺ സ്റ്റോബി, പാസ്റ്റർ സാജു മാവേലിക്കര, പാസ്റ്റർ ഉമ്മൻ ജേക്കബ്, റവ. എൽ ടി പവിത്രസിങ്, പാസ്റ്റർ ലിബിഷ് ന്യൂഡൽഹി, റവ. സച്ചിദാനന്ദ ദാസ് എന്നിവർ പ്രസംഗിച്ചു. മണിപ്പൂർ കലാപത്തിന്റെ ഇരയും ദൃക്സാക്ഷിയുമായ മിഷനറി, ഇവാഞ്ചലിസ്റ്റ് സുനിൽ ശർമ്മ മണിപ്പൂരിലെ പീഡാനുഭവങ്ങൾ പങ്കുവച്ചു.

ബിലീവേഴ്സ് ജേണലിലേക്ക് വാർത്തകളും ലേഖനങ്ങളും
അയയ്ക്കേണ്ട നമ്പർ: 9526602670
e-mail : beljourn@gmail.com

## ഡാളസിൽ മലയാളി മുങ്ങി മരിച്ചു



**ഡാളസ്:** ജൂൺ 18 ഞായറാഴ്ച വൈകിട്ട് ഡാളസ് പട്ടണത്തിലെ റോളറ്റ് സിറ്റിയിൽ നിന്നും കാണാതെയായ മലയാളി സണ്ണി ജേക്കബ്ബി (60) ന്റെ മൃതദേഹം കണ്ടെത്തിയതായി പോലീസ് സ്ഥിരീകരിച്ചു. റോളറ്റ്, സസ്സാഫാസ് വേയിലെ 2600 ബ്ലോക്ക് വസതിയിൽ നിന്നും ഞായറാഴ്ച നടക്കാൻ പോയ സണ്ണി ജേക്കബ്ബിനെ കാണാതായ വിവരം ഭാര്യ, പ്രാദേശിക പോലീസ് ഓഫീസിൽ പരാതിപ്പെട്ടിരുന്നു. തുടർന്ന് പോലീസും, സുഹൃത്തുക്കളും തിരച്ചിൽ നടത്തി വര ജൂൺ 20 ചൊവ്വാഴ്ച രാവിലെ 8 മണിയോടെ ആണ് സണ്ണി തിരോധാനം ചെയ്ത വസതിയുടെ സമീപമുള്ള കായലിൽ നിന്നും ഭൗതിക ശരീരം കണ്ടെത്തിയത്.

സ്ഥലത്ത് എത്തിയ പോലീസ് അധികാരികളും, അഗ്നിശമനാ പ്രവർത്തകരും ശരീരം വെള്ളത്തിൽ നിന്ന് വീണ്ടെടുത്തു. മൃതദേഹം ജീർണിച്ചു തുടങ്ങിയതിനാൽ വ്യക്തമായ തിരിച്ചറിവിനായി ശാസ്ത്രീയ പരിശോധനയ്ക്ക് മെഡിക്കൽ എക്സാമിനറിന്റെ ഓഫീസിലേക്ക് ജഡം മാറ്റി. രാസ പരിശോധനകൾക്ക് ശേഷമാണ് പോലീസ്, മൃതദേഹം കാണാതെയായ സണ്ണിയുടേതെന്ന് സ്ഥിരീകരിച്ച വിവരം അധികാരികൾ ബന്ധുക്കളെ അറിയിച്ചത്. മരണപ്പെട്ട സണ്ണി, മറവി രോഗം ബാധിതനായിരുന്നതായി ഭാര്യ പോലീസിൽ കൊടുത്ത തിരോധാന റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു. മരണത്തിൽ അസ്വാഭാവികതകൾ ഇല്ലെന്നാണ് പോലീസിന്റെ പ്രാഥമിക നിഗമന റിപ്പോർട്ട്. മരണപ്പെട്ട സണ്ണി ജേക്കബ്ബും, കുടുംബവും ഡാളസ് മെട്രോ ചർച്ച് ഓഫ് ഗോഡ് വിശ്വാസികളാണ്. പരേതന് രണ്ട് മക്കൾ. സംസ്കാരം പിന്നീട്.

01

## NACOG കോൺഫറൻസ്....

പേർക്ക് ഇരിക്കാവുന്ന ഗിന്നറ്റ് എറീന കൺവെൻഷൻ സെന്ററാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ആഡംബര നിലയിലുള്ള താമസ സൗകര്യങ്ങളും ഇതിനടുത്തു ക്രമീകരിച്ചിട്ടുണ്ട്. അമേരിക്കയുടെ വിവിധ സ്ഥലങ്ങളിൽ നിന്നും ഡെലിഗേറ്റ്സിന് അറ്റ്ലാന്റയിൽ കടന്നുവരാൻ കഴിയുന്ന വിശാലമായ സൗകര്യങ്ങളോടുകൂടിയതാണ് ഈ വർഷത്തെ സമ്മേളന നഗർ.

പ്രസിഡന്റ് പാസ്റ്റർ ഷിബു തോമസ് (അറ്റ്ലാന്റാ), വൈസ് പ്രസിഡന്റ് പാസ്റ്റർ ഫിന്നി വർഗീസ് (കാനഡ), സെക്രട്ടറി പാസ്റ്റർ ഏബ്ജോയി (ന്യൂയോർക്ക്), ട്രഷറർ ബ്രദർ ജേഷാ ജോസഫ് (ഡാളസ്), യൂത്ത് കോർഡിനേറ്റർ പാസ്റ്റർ സിബി തോമസ് (അറ്റ്ലാന്റാ), ലേഡീസ് മിനിസ്ട്രീസ് പ്രസിഡന്റ് സിസ്റ്റർ ഷീല തോമസ്, എക്സിക്യൂട്ടീവ് കമ്മറ്റിയോടൊപ്പം അതാതു സ്റ്റേറ്റുകളിൽ നിന്നുള്ള പ്രതിനിധികളും അടങ്ങുന്ന നാഷണൽ കമ്മറ്റി പ്രവർത്തിച്ചുവരുന്നു.

യുവജനങ്ങൾക്കു കൂടുതൽ പരിഗണനയും പ്രാതിനിധ്യവും ഉള്ള സെഷനുകളായിരിക്കും ഈ പ്രാവശ്യത്തെ കോൺഫറൻസിന്റെ പ്രത്യേകത. ചർച്ച് ഓഫ് ഗോഡ് സഭയിലെ അഭിഷിക്ത ശുശ്രൂഷകന്മാരും ദേശീയ-അന്തർദേശീയ പ്രസംഗകരും സമ്മേളനത്തിൽ പ്രസംഗിക്കും.

MOB: 9526602670
beljourn@gmail.com
VOL 16, ISSUE 06
Price: ₹ 10

BELIEVERS JOURNAL
PUBLISHED ON 25/06/2023

BELIEVERS JOURNAL
Post Box No: 58
Kumbanad P.O.
Thiruvalla - 689 547

RNI. NO. KERMAL/2008/26530
beljourn.com/ www.bjournal.org
E-mail: beljourn@gmail.com




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.